2017
July
Vol. X. Issue 5

# Flame
of Revival

POST BOX 21,
TIRUVALLA, KERALA
689103
for Private Circulation only

“സൈന്യത്താലല്ല; ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു”.സെഖര്യാവ് 4:6

## യെരുശലേമിൽ നരേന്ദ്ര മോദി

### ഇന്ത്യൻ പ്രധാനമന്ത്രിയുടെ ചരിത്ര സന്ദർശനം




**ഡൽഹിയിൽനിന്നും മുംബൈയിൽനിന്നും യിസ്രായേലിലേക്ക് നേരിട്ട് വിമാന സർവ്വീസ്**

**യിസ്രായേലിലെ ഇന്ത്യൻ വംശജർക്കായി ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (ഒ.സി.ഐ) കാർഡുകൾ**

**ജലസേചനം – കൃഷി – ഗവേഷണം: പുതിയ കരാറുകൾ**



പഴയ യെരൂശലേം നഗരവും ടെമ്പിൾ മൗണ്ടും യെരൂശലേമിലെ കിങ് ദാവൂദ് ഹോട്ടലിൽ നിന്നും നരേന്ദ്രമോദിക്ക് കാണിച്ചുകൊടുത്തുകൊണ്ട് ബെഞ്ചമിൻ നെതന്യാഹൂ വിശദീകരിക്കുന്നു

ആകാംക്ഷയോടെ...

- യിസ്രായേലുമായി ആയുധ കരാർ
- യിസ്രായേൽ വിരുദ്ധ രാഷ്ട്രങ്ങൾക്ക് ആശങ്ക

# യിസ്രായേൽ – ഇന്ത്യാ ബന്ധം

# ശക്തമാകുന്നു

## യിസ്രായേലിന്റെ യോബേൽ സംവത്സരത്തിൽ ഇന്ത്യൻ പ്രധാനമന്ത്രിയുടെചരിത്ര സന്ദർശനം

യോബേൽ സംവത്സരം ആഘോഷിക്കുന്ന യിസ്രായേലിന് ചരിത്രസംഭവമായിമാറി ഇന്ത്യൻ പ്രധാനമന്ത്രിയുടെ യിസ്രായേൽ സന്ദർശനം. ആദ്യമായിട്ടാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി യിസ്രായേൽ എന്ന വാഗ്ദത്ത നാട് സന്ദർശിക്കുന്നത്. “70 വർഷമായി ഞങ്ങൾ ഒരു ഇന്ത്യൻ പ്രധാന മന്ത്രിയുടെ വരവിനായി കാത്തിരിക്കുകയായിരുന്നു” പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു നരേന്ദ്രമോദിയെ സ്വാഗതം ചെയ്തുകൊണ്ട് മാധ്യമങ്ങളോട് പറഞ്ഞു. പ്രൊട്ടോകോൾ മറികടന്ന് യിസ്രായേലിലെ ബെൻഗുരിയോൺ വിമാനത്താവളത്തിൽ പ്രധാനമന്ത്രി നെതന്യാഹുവും മറ്റ് മന്ത്രിമാരും രാജ്യത്തെ ഉന്നതചുമതല വഹിക്കുന്നവരും നേരിട്ടെത്തി മോദിയെ സ്വീകരിച്ചു. “ആപ്കൊ സ്വാഗത് ഹേ മേരേ ദോസ്ത്” (എന്റെ സുഹൃത്തേ താങ്കൾക്ക് സ്വാഗതം) എന്ന് ബെഞ്ചമിൻ നെതന്യാഹു ഹിന്ദിയിൽ പറഞ്ഞപ്പോൾ “ഷാലോം” എന്ന യെഹൂദന്റെ അഭിവാദ്യമായിരുന്നു നരേന്ദ്രമോദി നെതന്യാഹുവിനു നേർന്നത്. ജൂതരുടെ രാഷ്ട്രമായ യിസ്രായേൽ സന്ദർശിച്ച ആദ്യത്തെ ഇന്ത്യൻ പ്രധാനമന്ത്രി എന്ന പദവിക്ക് മോദി അർഹനായി.

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് ലഭിച്ചതിനേക്കാൾ വൻസ്വീകരണമാണ് ഇന്ത്യൻ പ്രധാനമന്ത്രിക്ക് യിസ്രായേൽ നൽകിയത്. ബെൻഗുരിയോൻ എയർപോർട്ടിൽ വിരിച്ച ചുവപ്പു പരവതാനി വിരിച്ചാണ് മോദിയെ വരവേറ്റത്. അത്യാധുനിക സുരക്ഷാക്രമീകരണങ്ങളുള്ള യെരൂശലേമിലെ കിംഗ് ദാവൂദ് ഹോട്ടലിലായിരുന്നു താമസം ഒരുക്കിയിരുന്നത്.

ഇന്ത്യയും യിസ്രായേലും തമ്മിലുള്ള നയതന്ത്രബന്ധം തുടങ്ങിയതിന്റെ 25-ാം വാർഷികത്തിലായിരുന്നു ഇന്ത്യൻ പ്രധാനമന്ത്രിയുടെ യിസ്രായേൽ സന്ദർശനമെന്നതും അതു യിസ്രായേലിന്റെ യോബേൽ സംവത്സരത്തിലാണ് സംഭവിച്ചതെന്നതും ശ്രദ്ധേയമാണ്. 1992-ൽ ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന നരസിംഹറാവുവാണ് യിസ്രായേലുമായുള്ള പൂർണമായ നയതന്ത്രബന്ധങ്ങൾക്ക് തുടക്കമിട്ടത്.

യെരൂശലേമിൽ നിന്ന് 56 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന മോഷവ് ഡാൻസിഗർ സസ്യോദ്യാനം, ഹോളോക്കോസ്റ്റ് മ്യൂസിയം, ടെൽ അവീവ് മ്യൂസിയത്തിലെ ഇന്ത്യൻ ജൂതസംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്ന ഗാലറി, ഹൈഫയിലെ ഇന്ത്യൻ സൈനികരുടെ സ്മാരകം, കടൽതീരത്തെ ജലശുദ്ധീകരണ മൊബൈൽ പ്ലാന്റ് എന്നീ സ്ഥലങ്ങൾ നരേന്ദ്രമോദി സന്ദർശിച്ചു.

ടെൽ അവീവിലെ എക്സിബിഷൻ ഗ്രൗണ്ടിൽ ഇന്ത്യൻ വംശജരെ നരേന്ദ്രമോദി അഭിസംബോധന ചെയ്തു സംസാരിച്ചു. നെതന്യാഹുവും ഒപ്പമുണ്ടായിരുന്നു. പതിനായിരത്തിലധികം വരുന്ന ഇന്ത്യൻ വംശജർ പ്രധാനമന്ത്രിയെ സ്വാഗതം ചെയ്യാൻ എത്തിയിരുന്നു. ഡൽഹി, മുബൈ എന്നിവിടങ്ങളിൽ നിന്നും യിസ്രായേലിലേക്ക് നേരിട്ടുള്ള വിമാന സർവ്വീസ് ആരംഭിക്കുമെന്നും യിസ്രായേലിലെ ഇന്ത്യൻ വംശജർക്കായി ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ(ഒ.സി.ഐ) കാർഡുകൾ നൽകുമെന്നും മോദി സമ്മേളനത്തിൽ പറഞ്ഞു.

യിസ്രായേലിലേക്കുള്ള യഹൂദന്മാരുടെ അലിയയ്ക്കും വിശുദ്ധനാട് സന്ദർശനത്തിനുപോകുന്ന ഭാരതീയർക്കും ഏറെ സഹായകരമാകുന്ന ഒന്നാണ് ഇന്ത്യയിൽനിന്നും യിസ്രായേലിലേക്ക് ആരംഭിക്കുമെന്നുപറഞ്ഞ വിമാനസർവ്വീസ്. “താങ്കളുടെ സന്ദർശനം ഞങ്ങൾ ക്ക് ഒരു ചരിത്ര പ്രധാനമായ സംഭവമാണ്. രണ്ടു മഹത്തായ ജനാധിപത്യ രാജ്യങ്ങൾ ഭാവി പിടിച്ചെടുക്കുകയാണ്” ഇരുരാജ്യങ്ങൾ തമ്മിലുള്ള സൗഹൃദവും പങ്കാളിത്തവും പുതിയ ഉയരങ്ങളിലേക്ക് എത്തുന്ന വിശാലമായ പരിപാടികൾ താനും പ്രധാനമന്ത്രി നരേന്ദ്രമോദിയും ഒത്തൊരുമിച്ച് തീരുമാനിച്ചുവെന്ന് ബെഞ്ചമിൻ നെതന്യാഹു സമ്മേളനത്തിൽ പറഞ്ഞു. സൗഹൃദ നിമിഷങ്ങൾ പങ്കുവെച്ച് ഓൾഗ കടൽ തീരത്ത് ഇരുപ്രധാനമന്ത്രിമാരും കടന്നുപോവുകയും കടൽ തീരത്തെ സഞ്ചരിക്കുന്ന ജലശുദ്ധീകരണശാല മോദിയെ പരിചയപ്പെടുത്തുകയും ചെയ്തു. കടൽവെള്ളം ശുദ്ധീകരിക്കുന്ന സാങ്കേതിക വിദ്യയുടെ പ്രദർശനവും മോദിക്കായി ഒരുക്കിയിരുന്നു. കടൽവെള്ളം ശുദ്ധീകരണ സാങ്കേതിക വിദ്യ വിജയകരമായി ആദ്യം പ്രയോഗിച്ചത് യിസ്രായേലാണ്. ജലം-കൃഷി മേഖലയിലാണ് യിസ്രായേൽ-ഇന്ത്യ മുഖ്യകരാറുകൾ ഒപ്പുവെച്ചത്. ഇക്കഴിഞ്ഞ ഏപ്രിൽ മാസം യിസ്രായേലുമായി ഇന്ത്യ 250 കോടി ഡോളറിന്റെ പ്രതിരോധകരാർ ഒപ്പുവെച്ചിരുന്നു.

## മോഷവ് വളർന്നു..

ഒൻപതു വർഷങ്ങൾക്കുമുമ്പ് മുംബൈയിലെ ജൂതരുടെ ചാബഡ് ഹൗസിനുനേരെയുണ്ടായ ഭീകരാക്രമണത്തിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട യഹൂദാ ബാലൻ മോഷവ് യെരൂശലേമിലെ കിങ് ദാവൂദ് ഹോട്ടലിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയെ കണ്ടുമുട്ടിയപ്പോൾ..തന്റെ പിതാവ് ഇസ്രായേൽ റബ്ബിയായിരുന്നു

2008 നവംബർ 26-ന് അന്നു മോഷവിനു രണ്ടുവയസ്സുമാത്രം



ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി മോഷവിനോടൊപ്പം

അന്ന്

*July 2017*

## എഡിറ്റോറിയൽ



# വാഗ്ദത്ത നാടിനോടു അടുക്കുമ്പോൾ..!

ഭാരതവും യിസ്രായേലും തമ്മിലുള്ള ബന്ധം കൂടുതൽ സുദൃഢമാകുന്നത് ലോകരാജ്യങ്ങളെ അമ്പരിപ്പിക്കുകയാണ്. യിസ്രായേലുമായി അടുക്കുവാൻ രാജ്യങ്ങൾ ഭയപ്പെട്ടുനിൽക്കുമ്പോൾ ഇന്ത്യ തികച്ചും വ്യത്യസ്തമാർന്ന നിലപാട് കൈക്കൊള്ളുന്നത് ഏറെ ശ്ലാഘനീയമായ വസ്തുതയാണ്.

ഭാരതത്തിന്റെ പിറവിയും വാഗ്ദത്തനാടായ യിസ്രായേൽ രാജ്യത്തിന്റെ പിറവിയും തമ്മിൽ 9 മാസത്തെ വിടവാണുള്ളത്. 1992 മുതൽ യിസ്രായേലുമായുള്ള പൂർണ്ണ നയതന്ത്രബന്ധങ്ങൾക്ക് തുടക്കമായെങ്കിലും ഇന്ത്യൻ പ്രധാനമന്ത്രിമാർ യിസ്രായേലിലേക്കു പോകാതെ യിസ്രായേലുമായുള്ള ബന്ധം വളർത്തിയെടുക്കുകയായിരുന്നു. എന്നാൽ ആ ബന്ധം ലോകത്തെ മറ്റേതു രാജ്യത്തെക്കാളും ഇന്ത്യയുടേത് കൂടുതൽ സുദൃഢമാവുകയായിരുന്നു. അതിന്റെ പ്രതിഫലനമാണ് നമ്മുടെ പ്രധാനമന്ത്രിയുടെ യിസ്രായേൽ സന്ദർശനം. 'ചരിത്രസന്ദർശനം' എന്നാണ് മാധ്യമങ്ങൾ അതിനെ വിശേഷിപ്പിച്ചത്. "70 വർഷമായി ഞങ്ങൾ നിങ്ങൾക്കായി കാത്തിരിക്കുകയായിരുന്നു" എന്നാണ് യിസ്രായേൽ പ്രധാനമന്ത്രി പറഞ്ഞത്. മറ്റൊരു നേതാവിനും ലഭിക്കാത്ത സ്വീകരണവും ഇന്ത്യൻ പ്രധാനമന്ത്രിക്ക് നൽകിയതും യിസ്രായേൽ ചരിത്രത്തിലെ ശ്രദ്ധേയ സംഭവമായി മാറി.

യിസ്രായേലുമായുള്ള ഇന്ത്യയുടെ അടുപ്പം വർദ്ധിച്ചിരിക്കുന്നത് അയൽ രാജ്യങ്ങളായ പാക്കിസ്ഥാനെയും ചൈനയെയും ആശങ്കപ്പെടുത്തിയിരിക്കുകയാണ്. മോദി യിസ്രായേലിൽ 49 മണിക്കൂർ ചിലവിട്ടതും അദ്ദേഹവും നെതന്യാഹുവും തമ്മിലുള്ള സൗഹൃദവും ഒത്തൊരുമിച്ചുള്ള പ്രഖ്യാപനങ്ങളും ചിത്രങ്ങളും പാക്ക് മാധ്യമങ്ങൾ വളരെ ഗൗരവത്തോടെ വീക്ഷിച്ചുകൊണ്ടാണ് വാർത്തകൾ നൽകിയത്. കഴിഞ്ഞ വർഷങ്ങളിൽ ഐക്യരാഷ്ട്ര സഭയിൽ യിസ്രായേലിനെ ഒറ്റപ്പെടുത്തികൊണ്ട് പ്രമേയങ്ങൾ അവതരിപ്പിക്കുവാൻ ലോകരാജ്യങ്ങൾ മടികാണിക്കാതിരുന്നപ്പോൾ യിസ്രായേലിനോടുള്ള ഇന്ത്യയുടെ സമീപനം ഊഷ്മളമായിരുന്നു.

യോബേൽ സംവത്സരം ആഘോഷിക്കുന്ന യിസ്രായേലിനു ഇന്ത്യൻ പ്രധാനമന്ത്രിയുടെ സന്ദർശനം ഏറെ പ്രാധാന്യമേറിയതാണ്. യിസ്രായേലിന്റെ ദൈവം അവനാണ് അഖിലാണ്ഡത്തിന്റെ ദൈവം. യിസ്രായേലിനെ ദൈവം തിരഞ്ഞെടുത്തതാണ്. "യാക്കോബിൽ തിന്മകാണ്മാനില്ല. യിസ്രായേലിൽ കഷ്ടത ദർശിപ്പാനുമില്ല. അവന്റെ ദൈവമായ യഹോവ അവനോടുകൂടെ ഇരിക്കുന്നു" എന്നാണ് ബിലയാം യിസ്രായേലിനെപ്പറ്റി സുഭാഷിതം ചൊല്ലിയത് (സംഖ്യ 23:21). "നിന്നെഅനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ, നിന്നെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ" (സംഖ്യ.24:9). എന്നു കൂടി ബിലെയാം വിളിച്ചു പറഞ്ഞു.

'യെരൂശലേം' ഇന്ന് ഒരു പ്രമുഖവിഷയമായി നിലകൊള്ളുമ്പോൾ യിസ്രായേലുമായി അടുക്കുവാൻ രാജ്യങ്ങൾ ഭയപ്പെടുന്ന വേളയിൽ വാഗ്ദത്തനാടായ യിസ്രായേലിലേക്ക് പോകുന്നതിനും അവിടെ വളരെ നല്ലൊരു സൗഹൃദം കാഴ്ചവെക്കുന്നതിനും സന്മനസ്സു കാണിച്ച നമ്മുടെ പ്രധാനമന്ത്രിയെ യിസ്രായേലിന്റെ ദൈവം-ജീവനുള്ള ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.യിസ്രായേലിന്റെ ദൈവത്തിന്റെ അനുഗ്രഹവും ദൈവം ഒരുക്കിയ രക്ഷയും വാഗ്ദത്ത നാടിനോടടുത്ത് നിൽക്കുന്ന ഭാരതത്തിന്റെ ഭരണാധികാരികളും രാജ്യത്തെ സകലജനങ്ങളും അടുത്തറിയേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം.

**സാജൻ പോൾ**

### ദൃഢമാകുന്ന ബന്ധം

യിസ്രായേലുമായുള്ള ഇന്ത്യയുടെ അടുപ്പം വർദ്ധിച്ചിരിക്കുന്നത് അയൽ രാജ്യങ്ങളായ പാക്കിസ്ഥാനെയും ചൈനയെയും ആശങ്കപ്പെടുത്തിയിരിക്കുകയാണ്.



ഞങ്ങൾ ഒന്നിച്ച്...



ഒത്തൊരുമിച്ച് ദൈവവചനത്തിലേക്ക്..

**"അപ്പത്തിന്നായുള്ള വിശപ്പല്ല;വെള്ളത്തിന്നായുള്ള ദാഹവുമല്ല ദൈവവചനം കേൾക്കാനുള്ള വിശപ്പും ദാഹവും" യിസ്രായേലിൽ എത്തിയ ജൂതരിൽ വർദ്ധിക്കുകയാണ്**

യിസ്രയേലിൽ നിറവേറപ്പെടുന്ന പ്രവാചക ദൂതുകൾ

## നിർഭയരായി സ്വദേശത്ത്

യിസ്രായേലിനെയും യഹൂദനെയും മിക്കരാജ്യങ്ങളും ഇന്നു ഭയക്കുന്നു. അവരോട് യുദ്ധംചെയ്തിട്ടും അവരെ ജയിച്ചടക്കുവാൻ കഴിയാതെ വരുമ്പോൾ ഹാമാസ് നേതാക്കൾപോലും സമ്മതിക്കുന്നു. "യിസ്രായേലിനുവേണ്ടി പ്രവർത്തിക്കുന്ന ഒരുദൈവം ഉണ്ട്" എന്ന്. യിസ്രായേലിനെതിരെ ശക്തമായ മുന്നേറ്റത്തിന് അവരെ എതിർക്കുന്ന രാജ്യങ്ങൾ തയ്യാറാകുമ്പോഴും ദൈവവചനം പറയുന്നത് "ഏറിയനാൾ കഴിഞ്ഞിട്ട് നീ സന്ദർശിക്കപ്പെടും. വാളിന് ഒഴിഞ്ഞുപോകുന്നതും പലജാതികളിൽ നിന്ന് ശേഖരിക്കപ്പെട്ടതുമായ ഒരു രാജ്യത്തിലേക്ക് നീ ഒടുക്കം വന്നുചേരും. നിരന്തര ശൂന്യമായി കിടന്നിരുന്ന യിസ്രായേൽ പർവ്വതങ്ങളിൽ തന്നെ. എന്നാൽ അവർ ജാതികളുടെ ഇടയിൽ വന്ന് എല്ലാവരും നിർഭയമായി വസിക്കും"യെഹെ.38:8. ഇന്ന് ജാതികളുടെ ഇടയിൽ മിക്കവാറും അവർക്കു ഭയപ്പെടുന്ന സാഹചര്യങ്ങളാണുള്ളത്. എന്നാൽ യിസ്രായേലിൽ അവർ നിർഭയരാണ്.

**Flame of Revival**

2.ദിനവൃത്താന്തം 7:14 പ്രകാരം ദൈവജനം ഒരുങ്ങുന്നതിലൂടെ പൊട്ടിപ്പുറപ്പെടുന്ന ഒരു യഥാർത്ഥ ആത്മിക ഉണർവ്വ് എന്ന ലക്ഷ്യവുമായി 2008 മാർച്ച് മുതൽ 'ഫ്ളെയിം ഓഫ് റിവൈവൽ' പ്രസിദ്ധീകരിക്കുന്നു. ലോകം മുഴുവൻ ഉണ്ടായ ഉണർവ്വിന്റെ വാർത്തകളും അനുഭവങ്ങളും ദൈവവചനവും ദൈവജനത്തിലേക്ക് എത്തിക്കുക, അതു സഭാഭേദമെന്യേയുള്ള ഒരു ആത്മിക ഉണർവ്വിനു മുഖാന്തരം ആകുക, ദൈവമക്കൾ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങുക ഇവ നമ്മുടെ ലക്ഷ്യങ്ങളാണ്. ഒരു പ്രത്യേക സഭാ വിഭാഗത്തിന്റേതല്ല ഫ്ളെയിം ഓഫ് റിവൈവൽ. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിവിധ സഭാ വിഭാഗങ്ങളിൽപ്പെട്ട ദൈവമക്കൾ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നു. ആത്മിക ഉണർവ്വിനായി ആഗ്രഹിക്കുന്ന കേരളത്തിലെ ദൈവമക്കൾ നൽകുന്ന സംഭാവന മാത്രമാണ് ഇതിന്റെ പിന്നിലെ സാമ്പത്തികസ്രോതസ്. മറ്റു പ്രസ്ഥാനങ്ങളോ വിദേശീയരോ ഇതിനു പിന്നിൽ ഇല്ല.

**Flame of Revival, PB.21, Kuttapuzha.PO, Tiruvalla 689 103**
**Call: 0469 2741694, 9446115977, 9447472692, 9447104670, 9446755390, 9447958442, 9400268723**
Printed and Published by Sajan Paul, Crown of Life Ministries (Reg:100/2009/IV/TVLA) Puthenparambil buildings, Kuttapuzha.PO,Tiruvalla, Kerala 689103 Printed at Rakshtra Deepika Press,Kottayam

FOR PRIVATE CIRCULATION ONLY

അനുവാദമില്ലാതെ മാറ്റുകൾ പുന:പ്രസിദ്ധീകരണം ചെയ്യുവാൻ പാടുള്ളതല്ല

## The Bible Says...

"പുഴുവായ യാക്കോബേ, യിസ്രായേൽ പരിഷയേ,ഭയപ്പെടേണ്ടാ;ഞാൻ നിന്നെ സഹായിക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു. നിന്റെ വീണ്ടെടുപ്പുകാരൻ യിസ്രായേലിന്റെ പരിശുദ്ധൻ തന്നേ, ഇതാ,ഞാൻ നിന്നെ പുതിയതും മൂർച്ചയുള്ളതും പല്ലേറിയതും ആയ മെതിവണ്ടിയാക്കി തീർക്കുന്നു. നീ പർവ്വതങ്ങളെ മെതിച്ചു പൊടിയാക്കുകയും കുന്നുകളെ പതിർപോലെ ആക്കുകയും ചെയ്യും. നീ അവയെ പാറ്റും. കാറ്റ് അവയെ പറപ്പിച്ചുകൊണ്ടുപോകും. ചുഴലിക്കാറ്റ് അവയെ ചിതറിച്ചുകളയും. നീയോ യഹോവയിൽ ഘോഷിച്ചുല്ലസ്സിച്ചു യിസ്രായേലിന്റെ പരിശുദ്ധനിൽ പുകഴും" യെശ.41:14-16

### യെരൂശലേമിന്റെ വിമോചനത്തിനായി ബ്രിട്ടീഷ് സൈന്യത്തോടൊപ്പം അണിനിരന്ന 75 ഇന്ത്യൻ സൈനികർക്ക് വീരമൃത്യു

# ആറുദിന യുദ്ധത്തിൽ ഇന്ത്യൻ സൈനികരും

യിസ്രായേൽ- ഇന്ത്യ ബന്ധം കേവലം കരാറുകൾകൊണ്ട് അവസാനിക്കുന്നതല്ല. യിസ്രായേലിലെ ജൂതസമൂഹത്തിന് ഭാരതവുമായി അഭേദ്യമാർന്ന ബന്ധമുണ്ട്. 1967-ലെ ആറുദിന യുദ്ധത്തിൽ യെരൂശലേം പിടിച്ചടക്കുവാൻ ബ്രിട്ടീഷ് സൈന്യത്തോടൊപ്പം ഇന്ത്യൻ സൈനികരും ഉണ്ടായിരുന്നു. മേജർ ദർപത് സിങ്ങിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻസൈനികർ 1917 സെപ്റ്റംബർ 23-നു ഹൈഫ മോചിപ്പിച്ചതിന്റെ സ്മരണയിൽ എല്ലാ വർഷവും സെപ്റ്റംബർ 23-ന് ഇന്ത്യൻ കരസേന ഹൈഫ ദിനമായി ആചരിക്കാറുണ്ട്. യെരൂശലേമിന്റെ മോചനത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ വീരമൃത്യു വരിച്ചവരുടെ കൂട്ടത്തിൽ ഇന്ത്യക്കാരായ സൈനികരും ഉണ്ടായിരുന്നു എന്നത് യെരൂശലേമിന്റെ വിമോചനത്തിനായി ഭാരതവും പങ്കുവഹിച്ചുവെന്നത് യിസ്രായേലിന്റെ ചരിത്രരേഖകളിൽ എഴുതിവെച്ചിരിക്കുന്നു. രേഖകളിൽ മാത്രമല്ല യിസ്രായേലിലെ ഹൈഫയിൽ ഇന്ത്യൻ സൈനികരുടെ സെമിത്തേരി സ്ഥിതി ചെയ്യുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി ബെഞ്ചമിൻ നെതന്യാഹുവിനോടൊപ്പം ഇവിടെ സൈനികർക്ക് അഭിവാദ്യമർപ്പിക്കുകയുണ്ടായി. ഹൈഫയുടെ നായകൻ എന്നറിയപ്പെടുന്ന മേജർ ദൽപത് സിങ്ങിന്റെ സ്മാരകഫലകവും അദ്ദേഹം അനാവരണംചെയ്കയുണ്ടായി. യെരൂശലേമിന്റെ മോചനത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ വീരമൃത്യു വരിച്ചവരിൽ 75 ഇന്ത്യൻ സൈനികരും ഉൾപ്പെടുന്നു.




## നാട്ടുരാജാക്കന്മാർ ജൂതർക്ക് നൽകിയ ഉജ്ജ്വലമാർന്ന സ്വീകരണം ചരിത്രലിപികളിൽ മായാതെ നിൽക്കുന്നു

ലോകമെങ്ങും ചിതറിപ്പോയ യഹൂദാ ജനതയ്ക്ക് മിക്കരാജ്യങ്ങളിലേയും വാസം തീർത്തും ക്ലേശപൂർണ്ണമായിരുന്നു. ജൂതർ കുടിയേറിയപ്പാർത്ത ഇറാഖ്, യെമൻ ഈജിപ്ത് , ടാൻസാണിയ, ജോർദ്ദാൻ, അറബ് രാജ്യങ്ങൾ എന്നിവിടങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലും ആഫ്രിക്കയിലും വിവേചനവും പീഢനവും അനുഭവിക്കേണ്ടിവന്നപ്പോൾ ഇന്ത്യയിലേക്കു കടന്നുവന്ന യെഹൂദന്മാർക്ക് അത്തരത്തിലുള്ള അവഗണന നേരിടേണ്ടി വന്നിരുന്നില്ല. പ്രത്യേകാൽ കേരളത്തിൽ കടന്നുവന്ന ജൂതരെ പ്രഭുതുല്യരായി ഇവിടുത്തെ ഭരണാധികാരികൾ സ്വീകരിച്ചതുതന്നെ അതിനൊരു ഉദാഹരണം. ഭാരതത്തോടുള്ള ജൂതരുടെ സ്നേഹവും കടപ്പാടും ശക്തമാകുവാൻ കാരണമായ പ്രധാന വസ്തുതയാണിത്.

നമ്മുടെ രാജ്യത്തെ നാട്ടുരാജാക്കന്മാർ ജൂതർക്ക് നൽകിയ ഉജ്ജ്വലമാർന്ന സ്വീകരണം ചരിത്രലിപികളിൽ മായാതെ നിൽക്കുന്നു. എഡി 1000-ത്തിൽ കേരളം ഭരിച്ച നാട്ടുചക്രവർത്തി ഭാസ്കര രവി വർമൻ (എഡി-962-1019) യെഹൂദാ വ്യാപാരികളുടെ തലവനായ ജോസഫ് റമ്പാനു നൽകിയ അവകാശങ്ങൾ അടങ്ങിയ ചേമ്പേടിന്റെ പകർപ്പ് ഇന്നും സൂക്ഷിച്ചിരിക്കുന്നു. അതിലൊരു പകർപ്പാണ് പ്രധാനമന്ത്രി നരേന്ദ്രമോദി യിസ്രായേലിൽ എത്തിയപ്പോൾ ബെഞ്ചമിൻ നെതന്യാഹുവിനു സമർപ്പിച്ചത്. ഇന്ത്യയിലെ ജൂതപാരമ്പര്യം വെളിവാക്കുന്ന സുപ്രധാന ചരിത്രരേഖകളുടെ പകർപ്പുകളാണ് അവ. കേരളത്തിൽ നാട്ടുരാജാവ് യഹൂദന്മാർക്ക് നൽകിയ അവകാശങ്ങൾ രേഖപ്പെടുത്തികൊണ്ടുള്ള രണ്ടു ചെമ്പുതകിടുകളുടെ പകർപ്പുകളും ജൂതരുടെ വിശുദ്ധഗ്രന്ഥമായ തോറയുടെ കൈയെഴുത്തു പ്രതിയും പുരാതന സ്വർണകിരീടവുമാണ് നരേന്ദ്രമോദി നെതന്യാഹുവിനു നൽകിയ ഉപഹാരങ്ങൾ. 1967-ലെ യുദ്ധത്തിൽ യെരൂശലേമിൽ ജനറൽ അല്ലൻബിയോടൊപ്പം മുന്നേറിയ ഇന്ത്യൻ സൈനികരുടെ ചിത്രമാണ് നെതന്യാഹു നരേന്ദ്രമോദിക്ക് നൽകിയ ഉപഹാരം.

രണ്ടായിരത്തഞ്ഞൂറ് (2500) വർഷങ്ങൾക്കുമുമ്പാണ് ഭാരതവും യെഹൂദന്മാരുമായുള്ള ചരിത്രത്തിന്റെ ആരംഭം. ക്രിസ്തുവിനു മുമ്പ് 562 ബി.സിയിൽ ശലോമോന്റെ ഭരണകാലത്തുതന്നേ യെഹൂദാവ്യാപാരികൾ കേരളത്തിലെത്തിയതായാണ്. ബി.സി 587-ൽ ശലോമോൻ പണിത യെരുശലേം ദൈവാലയം തകർക്കപ്പെട്ടപ്പോൾ കേരളത്തിൽ ജൂതാകുടിയേറ്റം ഉണ്ടായി. തുടർന്ന് പുതുക്കി പണിത യെരൂശലേം ദൈവാലയമാണ് യേശുക്രിസ്തുവിന്റെ കാലത്തുണ്ടായിരുന്നത്. എഡി 70-ൽ അതു തകർക്കപ്പെട്ടപ്പോഴായിരുന്നു ജൂതരുടെ വലിയൊരുസംഘം ഭാരതത്തിലേക്ക് എത്തിച്ചേരുന്നത്. ബെനേ-യിസ്രായേലിസ് (യിസ്രായേൽമക്കൾ) എന്നു വിളിക്കപ്പെട്ട ആ വലിയകൂട്ടം കൊങ്കൺ പ്രദേശങ്ങളിലും കൊച്ചിയിലും പാർത്തപ്പോൾ ബാഗ്ദാദി ജൂതർ എന്നറിയപ്പെട്ടവർ കൊൽക്കത്തയിൽ കുടിയേറിപ്പാർത്തു. കേരളത്തിൽവന്ന ജൂതർ കൊടുങ്ങല്ലൂർ തുറമുഖത്ത് കപ്പലിറങ്ങി അതിനോട് ചേർന്നുള്ള പെരിയാർ നദീതീരവുമായി ബന്ധപ്പെട്ട പറവൂർ, ചേന്ദമംഗലം, മാള എന്നിവിടങ്ങളിൽ താമസമാക്കി. വാണിജ്യകാര്യങ്ങളിൽ തങ്ങളുടെ ശ്രദ്ധ അവർ പതിപ്പിച്ചു. ഒരു കാലത്ത് കേരളത്തിലെതന്നെ പ്രമുഖ ജൂതാകോളനികൾ അവിടായിരുന്നു. പതിനാറാം നൂറ്റാണ്ടിലാണ് പരദേശി ജൂതർ എന്നറിയപ്പെടുന്ന ജൂതാസംഘം കൊച്ചി മട്ടാഞ്ചേരിയിൽ എത്തിച്ചേരുന്നത്. ഭാരതത്തിലെ മറ്റ് പല സ്ഥലങ്ങളിലേക്കും ജൂതർ കടന്നു ചെന്നിരുന്നു. എന്നാൽ മലയാളനാട് അവരുടെ പ്രധാനവാണിജ്യ കേന്ദ്രമായിരുന്നു. സുഗന്ധവ്യഞ്ജനങ്ങളായിരുന്നു അവരുടെ പ്രധാന വാണിജ്യ വിഭവങ്ങൾ. ഏലയ്ക്ക, കുരുമുളക് ധാരാളമായി അവർ യൂറോപ്പിലേക്ക് എത്തിച്ചു.

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ച് ഒൻപതുമാസം കഴിയുമ്പോഴാണ് യിസ്രായേൽ എന്ന രാഷ്ട്രത്തിന്റെ പിറവി നടന്നത്. പലസ്തീനിൽ യിസ്രായേൽ രൂപംപൂണ്ടത് അറബ് ലോകത്തെ അസ്വസ്ഥമാക്കി. ആദ്യവർഷങ്ങളിൽ യിസ്രായേലുമായി ഭാരതത്തിന് അധികം അടുപ്പമുണ്ടായിരുന്നില്ല. എന്നാൽ തുടർന്നു ബന്ധം ശക്തമാകാൻ തുടങ്ങി. ഇപ്പോൾ യിസ്രായേലും ഭാരതവും കൂടുതൽ അടുക്കുകയാണ്. 2015-ൽ ഇന്ത്യൻ പ്രസിഡന്റ് പ്രണബ് മുക്കർജി യിസ്രായേൽ സന്ദർശനം നടത്തിയിരുന്നു. 25 വർഷങ്ങൾക്കുളളിൽ സംഭവിച്ചിരിക്കുന്ന വളരെ വലിയ സംഭവങ്ങളാണിത്. ഇപ്പോഴിതാ ചരിത്രത്തിലാധ്യമായി ഇന്ത്യൻ പ്രധാനമന്ത്രി യിസ്രായേലിൽ എത്തിയിരിക്കുന്നു. "ഭാരതവും യിസ്രായേലും തമ്മിലുള്ള ബന്ധം കൂടുതൽ ദൃശ്യമായികഴിഞ്ഞിരിക്കുന്നു" ഇന്ത്യയിലെ യിസ്രായേൽ അംബാസഡർ ദാനിയേൽ കർമോൺ പറഞ്ഞു.

കേരളത്തിൽ നാട്ടുരാജാവ് യഹൂദന്മാർക്ക് നൽകിയ അവകാശങ്ങൾ രേഖപ്പെടുത്തികൊണ്ടുള്ള രണ്ടു ചെമ്പുതകിടുകളുടെ പകർപ്പുകളും ജൂതരുടെ വിശുദ്ധഗ്രന്ഥമായ തോറയുടെ കൈയെഴുത്തു പ്രതിയും പുരാതന സ്വർണകിരീടവുമാണ് നരേന്ദ്രമോദി നെതന്യാഹുവിനു നൽകിയ ഉപഹാരങ്ങൾ.



# ഇന്ത്യയിൽ പ്രഭുതുല്യരായി ജൂതർ

### ജൂതരോട് ഭാരതം കാണിച്ച സ്നേഹാദരവുകൾ ഇന്നും അവർ നന്ദിയോടെ സ്മരിക്കുന്നു

# "ഞാൻ യിസ്രായേലിൽ പരിശുദ്ധനായ യഹോവയാകുന്നു. എന്നു ജാതികൾ അറിയും"

യെഹെ.39:7

## "ഇനി എന്റെ വിശുദ്ധനാമം അശുദ്ധമാകുവാൻ ഞാൻ സമ്മതിക്കയില്ല"

"ഇങ്ങനെ ഞാൻ എന്റെ വിശുദ്ധനാമം എന്റെ ജനമായ യിസ്രായേലിന്റെ നടുവിൽ വെളിപ്പെടുത്തും; ഇനി എന്റെ വിശുദ്ധനാമം അശുദ്ധമാകുവാൻ ഞാൻ സമ്മതിക്കയില്ല; ഞാൻ യിസ്രായേലിൽ പരിശുദ്ധനായ യഹോവയാകുന്നു എന്നു ജാതികൾ അറിയും" (യെഹെ39:7).

ദൈവത്തിൽ നിന്നകന്നുപോയ യഹൂദാജനതയെക്കുറിച്ച് ദൈവം അരുളിച്ചെയ്ത ഈ വചനങ്ങളുടെ നിവർത്തീകരണത്തിന്റെ നാളുകളാണിത്. പരിശുദ്ധനായ യഹോവയെ ജാതികൾ യിസ്രായേലിൽ കൂടി അറിയുന്ന ദിനങ്ങൾ.



ജൂതർ ദൈവവചനത്തിലേക്ക്..

## ഈ വിഷയങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം

1. യിസ്രായേൽ-ഇന്ത്യ ബന്ധം യിസ്രായേലിന്റെ പിറവിക്കുശേഷവും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുശേഷവും കൂടുതൽ ശക്തമായിരിക്കുന്ന നാളുകളാണിത്. ഒട്ടനവധി കരാറുകൾ ഇരുരാജ്യങ്ങളും തമ്മിൽ ഒപ്പുവെച്ചിട്ടുണ്ട്. യിസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ആയുധ കരാർ നടന്നിട്ടുള്ളത് ഭാരതവുമായാണ്. ഇക്കഴിഞ്ഞ ഏപ്രിലാണ് ആ ഉടമ്പടിനടന്നത്. കൃഷി, പ്രതിരോധം, ഗവേഷണം എന്നീ മേഘലകളിൽ ഇരുരാജ്യങ്ങളും ഒന്നിക്കുന്നത് വളരെ ശ്രദ്ധേയമായ വിഷയമാണ്. യിസ്രായേൽ ഇന്ത്യ ബന്ധം ശക്തമായി നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കാം.
2. യിസ്രായേലിനും ഭരണാവകാശമുള്ള ഹെബ്രാൻ യുനെസ്കോ പൈതൃകനഗരമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഹെബ്രാൻ കൂടുതലും പലസ്തീന്റെ കൈവശമാണെങ്കിലും 20% ത്തിന്റെ ചുമതല യിസ്രായേലിനാണ്. വളരെ വികസനപ്രവർത്തനങ്ങൾ യിസ്രായേൽ ഹെബ്രാനിൽ നടത്തിക്കൊണ്ടിരിക്കയായിരുന്നു. ഐക്യരാഷ്ട്ര സംഘടനയ്ക്കുള്ള യിസ്രായേലിന്റെ വിഹിതത്തിൽ നിന്ന് പത്തുലക്ഷം ഡോളർ ഹെബ്രോനിൽ മ്യൂസിയവും മറ്റും നിർമിക്കാൻ മാറ്റുകയാണെന്ന് യിസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞിട്ടുണ്ട്. മുസ്ലീം ജൂതരുമായി ആരാധനാതർക്കങ്ങൾ നിലവിലുള്ള ഹെബ്രോൻ പൈതൃകപദവിയിലേക്ക് ആക്കുന്നതിനെ യിസ്രായേൽ എതിർത്തിട്ടുണ്ട്. ഈ വിഷയത്തിൽ സർവ്വശക്തനായ ദൈവം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കാം.
3. യിസ്രായേൽ വീണ്ടും കൈവശമാക്കിയ ഗോലാൻ ദേശം പിടിച്ചെടുക്കുവാൻ സൈന്യത്തിന്റെ അവസരോചിതമായ ഇടപെടൽ മൂലം സിറിയയ്ക്കും അവരോടൊപ്പം നിൽക്കുന്ന തീവ്രവാദികൾക്കും യിസ്രായേലിൽ യാതൊന്നും ചെയ്യാൻ കഴിയുന്നില്ല. 1967 -ലെ യുദ്ധത്തിലാണ് യിസ്രായേൽ ഇതു പിടിച്ചെടുത്തത്. അലിയയായി കടന്നുവരുന്നവർക്കായുള്ള പാർപ്പിടസമുച്ചയങ്ങൾ യിസ്രായേൽ അതിർത്തിയിൽ പണിയുന്നുണ്ട്. ഗോലാൻ യിസ്രായേലിന്റെ വാഗ്ദത്തഭൂമിയിൽപ്പെട്ടതാണെന്ന് ബൈബിൾ പറയുന്നു. ശലോമോൻ മന്ത്രിമാരെ ഇവിടേക്ക് നിയമിച്ചിരുന്നു. ഗോലാനിൽ സമാധാനപൂർവ്വമായ ഒരന്തരീക്ഷം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കാം.
4. ബൈബിൾ പ്രകാരം പലസ്തീൻ പ്രദേശം ദൈവം അബ്രഹാമിനു വാഗ്ദത്തം നൽകിയ പ്രദേശമാണ്. ക്ഷാമം നിമിത്തം മിസ്രയീമിലും ശത്രുവിന്റെ കൈയ്യേറ്റത്തെ തുടർന്ന് ബാബിലോണിലും, ക്രൂരമായ പീഢനത്തെതുടർന്ന് ലോകമെങ്ങും യഹൂദാ ജനം ദൈവം നൽകിയ ഭൂമിയിൽ നിന്നും പോകേണ്ടിവന്നു. അവർ തിരികെയെത്തിയപ്പോൾ അവരുടെ ഭൂപ്രദേശം ശത്രുക്കളുടെ അധീനതയിലായിക്കഴിഞ്ഞിരുന്നു. പുരാതനകാലം മുതൽക്കേ യിസ്രായേൽ-പലസ്തീൻ വിഷയം നിലനിൽക്കുന്നു. ഐക്യരാഷ്ട്ര സഭ ഇതിനോരുപരിഹാരത്തിന് പലപ്പോഴായി ഒരുങ്ങിയിട്ടും കാര്യമായ മാറ്റങ്ങൾ ഉണ്ടായില്ല. പലസ്തീനിൽ ധാരാളം അറബ്-ക്രൈസ്തവരും പാർക്കുന്നുണ്ട്. ഒരു സമാധാനപരമായ അന്തരീക്ഷത്തിനായി പ്രത്യേകം പ്രാർത്ഥിക്കുക.
5. "യെരൂശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിപ്പിൻ; നിന്നെ സ്നേഹിക്കുന്നവർ സ്വൈരമായിരിക്കട്ടെ; നിന്റെ കൊത്തളങ്ങളിൽ സമാധാനവും നിന്റെ അരമനകളിൽ സ്വൈരവും ഉണ്ടാകട്ടെ" സങ്കീ.122:6,7 ദൈവവചനപ്രകാരം യെരുശലേമിനുവേണ്ടി പ്രാർത്ഥിക്കുവാൻ നാം ബാധ്യസ്ഥരാണ്. യെരൂശലേമിനെയും പൈതൃക നഗരമാക്കാൻ ഐക്യരാഷ്ട്ര സഭയുടെ ആഗോള പൈതൃക കമ്മറ്റി തുനിയുന്നുണ്ട്. അങ്ങനെ സംഭവിക്കുന്നത് യിസ്രായേലിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കും. യെരൂശലേമിനുവേണ്ടി സർവ്വശക്തൻ തീഷ്ണതയോടെ പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കാം.
6. യിസ്രായേലിന്റെ ദൈവം ജീവനുള്ള ദൈവമാണ്. മാനവജാതിയുടെ രക്ഷയ്ക്കായി ദൈവപുത്രൻ കടന്നുവന്നതും പരസ്യശുശ്രൂഷ നിർവ്വഹിച്ചതും ക്രൂശിതനായതും കല്ലറയിൽ അടക്കപ്പെട്ടതും അവിടെനിന്നും ഉയർത്തെഴുന്നേറ്റതും ആ ദേശത്തുനിന്നാണ്. യിസ്രായേലുമായി ബന്ധം കൂടുതൽ ശക്തമായികൊണ്ടിരിക്കുന്ന ഭാരതത്തിലെ ഭരണാധികാരികളും നേതാക്കളും, ജനങ്ങളും പിതാവായ ദൈവത്തിന്റെ നിത്യസ്നേഹത്തെ അറിഞ്ഞ് പാപത്തിൽ നിന്നും രക്ഷ കണ്ടെത്തേണ്ടതിനായി പ്രാർത്ഥിക്കാം.


യെരൂശലേം...



## അത്ഭുത സംഭവങ്ങൾ

1. യിസ്രായേൽജനം ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമത്രെ
2. അനുസരണക്കേടുനിമിത്തം ദൈവം അവരെ ഭൂമിയിൽ എല്ലായിടത്തും ചിതറിച്ചുകളഞ്ഞു
3. ദൈവം അവരെ വീണ്ടും ശേഖരിക്കുമെന്നും അവരുടെ സ്വന്തദേശത്തു കൊണ്ടുവരുമെന്നും വാഗ്ദത്തം ചെയ്തിട്ടുണ്ട്
4. അനേക ശതാബ്ദങ്ങൾക്കുശേഷം ഈ കാലത്ത് യെഹൂദന്മാർ അവരുടെ സ്വന്തദേശത്തേക്ക് കൂട്ടംകൂട്ടമായി മടങ്ങിവന്നുകൊണ്ടിരിക്കുന്നു
5. യിസ്രായേൽമരുഭൂമി ഉദ്യാനം പോലെ പൂത്തു പന്തലിച്ചു
6. നിർജ്ജനപ്രദേശങ്ങൾ ജനവാസസ്ഥലങ്ങളായിത്തീർന്നു
7. എബ്രായാ ഭാഷ വീണ്ടും സംസാരഭാഷയായിത്തീർന്നു
8. 2500 വർഷക്കുശേഷം യെരൂശലേം യഹൂദന്റെ കൈവശമായിത്തീർന്നു
9. ദൈവാലയത്തിന്റെ സ്ഥാനം യെഹൂദന്റെ കൈയിലായി
10. ഹർമ്മഗെദ്ദോൻ യുദ്ധത്തിനുവേണ്ടിയുള്ള കളമൊരുക്കപ്പെട്ടുകൊണ്ടിരിക്കുന്നു

യിസ്രായേൽ



PRAY

# ബൈബിൾ പഠനം 18

# വെളിപ്പാട് പുസ്തകം

## അദ്ധ്യായം 9

അനിൽ വർഗ്ഗീസ്

നാലു കാഹളങ്ങൾ ഊതപ്പെടുമ്പോഴുണ്ടാകുന്ന കഷ്ടങ്ങൾ കഴിഞ്ഞു. അടുത്ത മൂന്ന് കാഹളങ്ങൾ ഊതപ്പെടുമ്പോൾ ലോകത്തിനുണ്ടാകുന്ന കഷ്ടത്തിന്റെ കാഠിന്യത്തെപറ്റി കഴിഞ്ഞ അധ്യായത്തിൽ അവസാനം ദൂതൻ അറിവുതരുന്നു''(വെളിപ്പാട് 8:13).

വാക്യം1,2 ''അഞ്ചാമത്തെ ദൂതൻ ഊതി അപ്പോൾ ഒരു നക്ഷത്രം ആകാശത്തുനിന്നു ഭൂമിയിൽ വീണുകിടക്കുന്നത് ഞാൻ കണ്ടു. അവന് അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചു. അവൻ അഗാധകൂപം തുറന്നു. ഉടനെ പെരുംചൂളയിലെ പുകപോലെ കൂപത്തിൽ നിന്നും പുകപൊങ്ങി. കൂപത്തിന്റെ പുകയാൽ സൂര്യനും ആകാശവും ഇരുണ്ടുപോയി''

അഞ്ചാമത്തെ കാഹളനാദത്തിങ്കൽ ഭൂമിയിൽ വീണുകിടക്കുന്ന സാത്താന്യദൂതനെ പ്രവാചകൻ ദർശിക്കുന്നു.വെളിപ്പാട് 1:20 പ്രകാരം നക്ഷത്രം എന്ന് പരാമർശിച്ചിരിക്കുന്നത് ദൂതനെ പറ്റിയാണെന്ന് മനസ്സിലാക്കാം. വെളിപ്പാട് 1:18-ൽ ''മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ തന്റെ കൈവശമാണെന്ന്'' കർത്താവ് പറയുന്നു. അതുകൊണ്ട് കർത്താവിന്റെ അനുവാദത്തോടുകൂടി മാത്രമേ അഗാധകൂപം തുറക്കാൻ കഴിയൂ. വീണുകിടക്കുന്ന ആ ദൂതന് അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചതു മുഖാന്തരം അവൻ അത് തുറന്നു. സൂര്യനും ആകാശവും ഇരുണ്ടു പോകുന്ന നിലയ്ക്ക് അതിൽ നിന്നും പുകപൊങ്ങി.

വാക്യം3,4 ''പുകയിൽനിന്ന് വെട്ടുക്കിളി ഭൂമിയിൽ പുറപ്പെട്ടു. അതിന് ഭൂമിയിലെ തേളിനുള്ള ശക്തി ലഭിച്ചു. നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യർക്കല്ലാതെ ഭൂമിയിലെ പുല്ലിനും പച്ചയായയതൊന്നിനും യാതൊരു വൃക്ഷത്തിനും കേടുവരുത്തരുതെന്ന് കൽപന ഉണ്ടായി''.

അഗാധകൂപത്തിൽനിന്നും ഭയാനകമായ വെട്ടുകിളികൾ പുറത്തുവന്നു. തേളിനുള്ള ശക്തി ലഭിച്ച വെട്ടുകിളികളാണിവ. അവയെ നിയന്ത്രിക്കുവാൻ മനുഷ്യർക്ക് കഴികയില്ലെങ്കിലും അവ ദൈവത്തിന്റെ ഭരണത്തിൻ കീഴിലാണ്. ദൈവത്തിന്റെ മുദ്രയേറ്റിട്ടില്ലാത്ത മനുഷ്യർക്കല്ലാതെ ഭൂമിയിലുള്ള വൃക്ഷത്തിനോ പുല്ലിനോ മറ്റൊന്നിനും കേടുവരുത്തരുതെന്ന് അതിനു കല്പനയുണ്ടായി.

വാക്യ5,6 ''അവരെ കൊല്ലുവാനല്ല അഞ്ചുമാസം ദണ്ഡിപ്പിപ്പാനത്രെ അതിനു അധികാരം ലഭിച്ചത്. അവരുടെ വേദന തേൾ മനുഷ്യനെ കുത്തുമ്പോൾ ഉള്ള വേദനപ്പോലെ തന്നെ. ആകാലത്ത് മനുഷ്യൻ മരണം അന്വേഷിക്കും. കാൺങ്കയില്ലതാനും. മരിപ്പാൻ കൊതിക്കും മരണം അവരെ വിട്ടോടിപ്പോകും''

ശ്രദ്ധേയമായ കാര്യം ഈ കാലഘട്ടത്തിൽ മനുഷ്യൻ ബാധകളാൽ മരണപ്പെടുന്നില്ല എന്നതാണ്. ദൈവം ഈ വെട്ടുകിളികൾക്ക് സമയപരിധി നിശ്ചയിച്ചു. അഞ്ചുമാസമായിരുന്നു. ആസമയപരിധി. സാധാരണവെട്ടുകിളിയുടെ ജീവിതകാലവും അഞ്ചുമാസമാണ്. ഇവയാൽ തേളുകുത്തുമ്പോഴുള്ള വേദനപ്പോലെ മനുഷ്യർ അതികഠിനമായി വേദനിക്കുമെങ്കിലും അവർ മരിക്കയില്ല. ഇതു തീർത്തും ഭയാനകമായ ഒരവസ്ഥയാണ്.

വാക്യം7-10 ''വെട്ടുകിളിയുടെ രൂപം യുദ്ധത്തിനു ചമയിച്ച കുതിരയ്ക്കു സമം. തലയിൽ പൊൻ കിരീടം ഉള്ളതുപോലെ മുഖം മാനുഷമുഖംപോലെയും ആയിരുന്നു. സ്ത്രീകളുടെ മുടിപോലെ അതിനു മുടി ഉണ്ട്. പല്ലു സിംഹത്തിന്റെ പല്ല് പോലെയായിരുന്നു. ഇരുമ്പുകവചം പോലെ കവചം ഉണ്ട്. ചിറകിന്റെ ഒച്ച പടയ്ക്ക് ഓടുന്ന അനേകം കുതിരത്തേരുകളുടെ ഒച്ചപ്പോലെ ആയിരുന്നു. തേളിനുള്ളതുപോലെ വാലും വിഷമുള്ളും ഉണ്ട്. മനുഷ്യരെ അഞ്ചുമാസം ഉപദ്രവിക്കാൻ അതിനുള്ള ശക്തി വാലിലായിരുന്നു''

ഈ ജീവിയെപ്പറ്റിയുള്ള വിവരണമാണ് ഇവിടെ നൽകപ്പെട്ടിരിക്കുന്നത്. പൊൻകിരീടമണിഞ്ഞ മനുഷ്യമുഖമുള്ളതാണ് ഈ ജീവി. സിംഹങ്ങളുടെ പല്ലുപോലെയും പടയ്ക്കു പുറപ്പെടുന്ന കുതിരയ്ക്കു സമമായ ഈ ജീവിക്ക് സ്ത്രീകൾക്കുള്ളതുപോലെ മുടിയുമുണ്ട്. ഈ ജീവികളെ നശിപ്പിക്കാൻ കഴിയാതെവണ്ണം ഇരുമ്പു കവചങ്ങൾ അതിനു രക്ഷയ്ക്കായുണ്ട്. ഇതിന്റെ ചിറകടി ശബ്ദം വേഗത്തിലോടുന്ന കുതിരത്തേരുകളുടെ ശബ്ദമാണ്. നോഹയുടെ കാലഘട്ടത്തിലെ ദൈവികന്യായവിധിയുടെ ദൈർഘ്യംതന്നെയാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്ന അഞ്ചു മാസം. യെഹെസ്ക്കേൽ 2 ന്റെ 6 പോലെ ഈ കാലഘട്ടത്തിലും മുദ്രയിടപ്പെട്ട ദൈവജനം സംരക്ഷിക്കപ്പെടും.

വാക്യം11,12 ''അഗാധദൂതൻ അതിനു രാജാവായിരുന്നു. അവന്നു എബ്രായഭാഷയിൽ 'അബദ്ദോൻ' എന്നും യവനഭാഷയിൽ 'അപ്പൊല്ലുവോൻ' എന്നും പേർ. കഷ്ടം ഒന്നു കഴിഞ്ഞു. ഇനി രണ്ടു കഷ്ടം പിന്നാലെ വരുന്നു.''

സദൃശവാക്യം 30:27-ൽ 'വെട്ടുക്കിളിക്ക് രാജാവില്ലായെന്നു' പറയുന്നുവെങ്കിലും ഇവിടെയുള്ള ഈ നാശകരമായ ജീവിക്ക് അഗാധകൂപത്തിന്റെ ദൂതൻ രാജാവായതായി പറയുന്നു. അബദോൻ അപ്പൊല്ലുവോൻ എന്നീ രണ്ടു വാക്കിന്റെയും അർത്ഥം 'നശിപ്പിക്കുന്നവൻ' എന്നാണ്. അഞ്ചുമാസത്തിനു ശേഷം ഒന്നാം കഷ്ടം കഴിയുന്നു. രണ്ടാമത്തെ കഷ്ടം തുടർന്നു വരുന്നു.

വാക്യം13,14 ''ആറാമത്തെ ദൂതൻ ഊതി അപ്പോൾ ദൈവസന്നിധിയിൽ സ്വർണ്ണപീഠത്തിന്റെ കൊമ്പുകളിൽ നിന്നും ഒരു ശബ്ദം കാഹളമുള്ള ആറാം ദൂതനോട് യൂഫ്രാത്തേസ് എന്ന മഹാനദീതീരത്ത് ബന്ധിച്ചിരിക്കുന്ന നാല് ദൂതന്മാരെയും അഴിച്ചുവിടുകയെന്ന് പറയുന്നത് ഞാൻ കേട്ടു.

യൂഫ്രട്ടീസ് നദീയുടെ രണ്ട് കരയിലായിരുന്നു ബാബേൽ നഗരം പണിയപ്പെട്ടിരുന്നത്. ബാബിലോൺ സകലദുഷ്ടതയുടേയും ഇരിപ്പിടമാണ്. ഇവിടെ കെട്ടപ്പെട്ട നാലു നാശദൂതന്മാരെ അഴിച്ചു വിടുവാൻ ഉള്ള ന്യായവിധിയുടെ ശബ്ദമാണ് ആറാമത്തെ ദൂതൻ ഊതിയപ്പോൾ സ്വർണ്ണധൂപീഠത്തിന്റെ കൊമ്പുകളിൽ നിന്ന് പുറപ്പെട്ടത്''

വാക്യം15,16 ''ഉടനെ മനുഷ്യരിൽ മൂന്നിലൊന്നിനെ കൊല്ലുവാൻ ഇന്ന ആണ്ടു, മാസം, ദിവസം,നാഴികക്കു ഒരുങ്ങിയിരിക്കുന്ന നാലു ദൂതന്മാരെയും അഴിച്ചുവിട്ടു. കുതിരപ്പടയുടെ സംഖ്യ പതിനായിരം മടങ്ങ് ഇരുപതിനായിരം എന്നു ഞാൻ കേട്ടു''

ദൈവികന്യായവിധിയെപ്പറ്റിയുള്ള മുൻനിർണ്ണയം ഇവിടെ പ്രസ്താപിച്ചിരിക്കുന്നു. കാലത്തിന്റെ തികവിൽ അതൊക്കെയും സംഭവിക്കും. ജനസംഖ്യയിൽ മൂന്നിലൊന്ന് കൊല്ലപ്പെടേണ്ടതിനായി ഈ നാലു ദൂതന്മാരും അഴിച്ചുവിടപ്പെടുന്നു. 20 കോടി കുതിരപ്പടയെയാണ് നാലുദൂതന്മാർ നിയന്ത്രിക്കുന്നത്.

വാക്യം 17-19 ''ഞാൻ കുതിരകളെയും കുതിരപ്പുറത്തിരിക്കുന്നവരുടേയും ദർശനത്തിൽ കണ്ടത് എങ്ങനെയെന്നാൽ അവർക്ക് തീനിറവും രക്തനീലവും ഗന്ധകവർണ്ണവുമായ കവചം ഉണ്ടായിരുന്നു. കുതിരയുടെ തല സിംഹങ്ങളുടെ തലപോലെയായിരുന്നു. വായിൽ നിന്ന് തീയും പുകയും ഗന്ധകവും പുറപ്പെട്ടു. വായിൽനിന്ന് പുറപ്പെടുന്ന തീ,പുക,ഗന്ധകം എന്നീ മൂന്നു ബാധയാൽ മനുഷ്യരിൽ മൂന്നിലൊന്ന് മരിച്ചുപോയി. കുതിരകളുടെ ശക്തി വായിലും വാലിലും ആയിരുന്നു. വാലോ സർപ്പത്തെപോലെ തലയുള്ളതും ആയിരുന്നു. ഇവയാലത്രേ കേടുവരുത്തുന്നത്. യെശയ്യാവ് 5:28-ൽ പറഞ്ഞിരിക്കുന്നതുപോലെ പ്രതിരോധം ഏൽക്കുവാൻ കഴിയാത്ത ശക്തമായ ഒരു സേനയായിരിക്കും ഇത്. കുതിര, സിംഹം, പാമ്പ് ഇവയുടെ സങ്കരരൂപമാണ് ഈ സേന. അവയുടെ വായിൽ നിന്നും പുറപ്പെടുന്ന വിഷവാതകം ശ്വസിച്ചുകൊണ്ട് വാലിലെ സർപ്പത്തലകൊണ്ടുള്ള ദംശനത്താലുമാണ് മനുഷ്യൻ മരിക്കുന്നത്. അശുദ്ധാത്മാക്കളുടെ നിയന്ത്രണത്തിലുള്ള ഈ കുതിരപ്പടയുടെ പ്രവൃത്തികൾ മൂലം ഭൂമിയിലെ മനുഷ്യരിൽ മൂന്നിലൊന്ന് മരിക്കും.

വാക്യം20,21 ഈ ബാധകളാൽ മരിച്ചുപോകാത്ത ശേഷംമനുഷ്യരോ ദുർഭൂതങ്ങളെയും കാണ്മാനും കേൾപ്പാനും വഹിയാത്ത പൊന്ന്, വെള്ളി,ചെമ്പ്,കല്ല് മരം ഇവകൊണ്ടുള്ള ബിംബങ്ങളെയും നമസ്കരിക്കാതവണ്ണം തങ്ങളുടെ കൈപ്പണി വിട്ടു മാനസാന്തരപ്പെട്ടില്ല. തങ്ങളുടെ കുലപതാകം ദുർന്നടപ്പ്, മോഷണം എന്നിവവിട്ട് മാനസാന്തരപ്പെട്ടതുമില്ല.

ഈ ഭയാനകമായ ദൈവിക ന്യായവിധിയിലൂടെ കടന്നുപോയിട്ടും ശേഷം ജീവിച്ചവർ മാനസാന്തരപ്പെട്ടില്ല എന്നു കാണുന്നു. മറിച്ച് അവർ വിഗ്രഹങ്ങളെ ആരാധിക്കുവാനും തങ്ങളുടെ ജീവിതത്തെ സാത്താന് അടിമപ്പെടുത്തികൊണ്ട് പാപത്തിൽ തുടരുന്നു. ദൈവത്തിന്റെ കൃപയ്ക്ക് അവർ അന്യപ്പെട്ട് പോകുന്നു.

തുടരും

## മഹാകഷ്ടങ്ങൾ



ഈ ഭയാനകമായ ദൈവിക ന്യായവിധിയിലൂടെ കടന്നുപോയിട്ടും ശേഷം ജീവിച്ചവർ മാനസാന്തരപ്പെട്ടില്ല എന്നു കാണുന്നു. മറിച്ച് അവർ വിഗ്രഹങ്ങളെ ആരാധിക്കുവാനും തങ്ങളുടെ ജീവിതത്തെ സാത്താന് അടിമപ്പെടുത്തികൊണ്ട് പാപത്തിൽ തുടരുന്നു. ദൈവത്തിന്റെ കൃപയ്ക്ക് അവർ അന്യപ്പെട്ട് പോകുന്നു.

### വിലാസം മാറുമ്പോൾ അറിയിക്കുക

ഫ്ളെയിം ഓഫ് റിവൈവൽ പോസ്റ്റൽ/കൊരിയർ മാർഗം ലഭിക്കുന്നവർ തങ്ങളുടെ വിലാസത്തിൽ മാറ്റം ഉണ്ടാകുമ്പോൾ ദയവായി വിവരം അറിയിക്കണമെ. എല്ലാ മാസവും ഇവിടെ നിന്നും ഫ്ളെയിം പോസ്റ്റ് ചെയ്യുന്നുണ്ട്. എന്നാൽ പത്രം എല്ലാ മാസവും ലഭിക്കുന്നില്ലാ എങ്കിൽ പോസ്റ്റ് ഓഫീസിൽ തിരക്കുന്നതോടൊപ്പം ഓഫീസിൽ വിവരം അറിയിക്കുമല്ലോ. വാർഷിക വരിസംഖ്യ നൂറുരൂപ മണിയോർഡറായി അയക്കാവുന്നതാണ്.

ഫോൺ: 0469 2741694, 9447104670, 9447105072

ഫ്ളെയിം ഓഫ് റിവൈവൽ, പി,ബി.നമ്പർ 21, കുറ്റപ്പുഴ.പി.ഒ, തിരുവല്ല 689103

### For Urgent Prayer Call Us

09447958442, 09446755390, 0469 2741694

### വെളിപ്പാട് പുസ്തക പഠനം സംബന്ധിച്ച സംശയങ്ങൾക്ക് വിളിക്കേണ്ടിയ നമ്പർ:

9447561373



**ചതുപ്പുനിലത്തിലെ വെള്ളമെല്ലാം അവർ വറ്റിച്ചുകളഞ്ഞു. വെയിലേറ്റ് വരണ്ടുണങ്ങികിടന്ന ഭൂപ്രദേശങ്ങളെ നനച്ചു. ഉപ്പുവെള്ളം കയറി പ്രയോജന ശൂന്യമായികിടന്ന മണ്ണിൽ നിന്നും ഉപ്പുരസത്തെ അവർ പുറത്താക്കി. യിസ്രായേൽ രാജ്യം വീണ്ടും ഉടലെടുത്ത 1948 മെയ്മാസം മുതലുള്ള പതിനേഴോളം വർഷങ്ങൾക്കകം പാഴും ശൂന്യവുമായി കിടന്നിരുന്ന ഭൂപ്രദേശം ഫലവൃക്ഷങ്ങളുടേയും പൂക്കളുകളുടേയും ഉദ്യാനമായി പരിണമിച്ചു.**



# യിസ്രായേൽ പാഴും ശൂന്യവുമായിരുന്ന ഭൂമി മലർവാടിയായി

യിസ്രായേൽ ഭൂപ്രദേശം ഉദ്യാനമായി മാറിയിരിക്കുകയാണ്. ലോകത്തിൽ മറ്റ് ഇത് രാജ്യത്തേക്കാളും യിസ്രായേലിൽ പൂക്കളുടെ ഉൽപാദനം വർദ്ധിക്കുകയാണ്. എന്നാൽ കനാൻനാട് വീണ്ടും പൂത്തുല്ലസിക്കുവാൻ തുടങ്ങിയത് ലോകമെങ്ങുമുള്ള യഹൂദന്മാരുടെ വാഗ്ദത്തനാട്ടിലേക്കുള്ള ആഗമനത്തോടുകൂടിയാണ്. വിവിധജാതീയ രാജാക്കന്മാർ ഈ ഭൂപ്രദേശം കൈക്കലാക്കിയെങ്കിലും അവർക്കാർക്കും ആ മണ്ണിനോട് താൽപര്യം ഉണ്ടായിരുന്നില്ല. റോമക്കാരും അറബികളും തുർക്കികളും ഈ ദേശത്തെ അധീനപ്പെടുത്തിയെങ്കിലും അവർക്ക് കനാൻ ഭൂപ്രദേശത്തിനോട് അത്ര കരുതലോ കടപ്പാടോ ഉണ്ടായിരുന്നില്ല. റോമക്കാർ പുന:നാമകരണം ചെയ്ത് പാലസ്തീൻ എന്നാക്കിമാറ്റിയ കനാൻ ദേശം വെറും ഒന്നുമില്ലാത്ത ഒരു മരുഭൂമിയായി മാറിപ്പോയി.

ദൈവം യിസ്രായേൽ ജനത്തിന് വാഗ്ദത്തം ചെയ്ത കനാൻ ഫലസമൃദ്ധമായ ഒരു ഭൂപ്രദേശമായിരുന്നു. ദൈവം വാഗ്ദത്തംചെയ്ത കനാൻ നാട്ടിൽ അബ്രഹാമും കൂട്ടരും എത്തിച്ചേർന്നപ്പോൾ യഹോവ അബ്രഹാമിനു പ്രത്യക്ഷമായി. "നിന്റെ സന്തതിക്ക് ഞാൻ ഈ ദേശം കൊടുക്കും" എന്ന് അരുളി ചെയ്തു. ഉൽപ.12:7. "നല്ലതും വിശാലവുമായ പാലും തേനും ഒഴുകുന്ന ദേശത്തേക്ക്" എന്ന് പുറപ്പാട് 3:8-ൽ ദൈവം പറയുന്നു. മരുഭൂപ്രയാണ യാത്രയിൽ ദൈവം മോശയോട് കനാൻ ദേശം ഒറ്റുനോക്കേണ്ടതിന് ആളുകളെ അയക്കുവാൻ ആവശ്യപ്പെട്ടു (സംഖ്യാ. 13:2). അവിടേക്കുപോയ യിസ്രായേൽ പ്രഭുക്കന്മാർ തിരികെ വരുമ്പോൾ ഒരു മുന്തിരിവള്ളി കുലയോടെ പറിച്ചെടുത്തത് രണ്ടുപേർ ചേർന്നാണ് ചുമന്നുകൊണ്ടുവന്നത് (സംഖ്യാ 13:23). അവർ അവിടെ നിന്നും മാതളപ്പഴവും അത്തിപ്പഴവും കൂടെകൊണ്ടുവന്നു. കനാൻ ദേശം ഉറ്റുനോക്കിവന്നവർ മോശയോടുപറഞ്ഞത് ഇപ്രകാരമായിരുന്നു. "നീ ഞങ്ങളെ അയച്ച ദേശത്തേക്ക് ഞങ്ങൾപോയി. അത് പാലും തേനും ഒഴുകുന്ന ദേശം തന്നെ; അതിലെ ഫലങ്ങൾ ഇതാ" (സംഖ്യ13:27). ദൈവം തന്റെ ജനത്തിനായി വാഗ്ദത്തം ചെയ്ത കനാൻ സത്യത്തിൽ ഒരു ഉദ്യാനം തന്നെയായിരുന്നു. എന്നാൽ ആ വാഗ്ദത്തനാട് ശത്രുക്കൾ കയ്യേറിയപ്പോൾ അവർക്ക് ആ നാടിനെ പരിരക്ഷിക്കുവാൻ കഴിഞ്ഞില്ല. ഇന്ന് അതിവേഗത്തിൽ ലോകത്തിലെ ഏറ്റവും ഉത്തമ ഉദ്യാനമായി യിസ്രായേൽ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അത് ചുറ്റുമുള്ള രാജ്യങ്ങളെ മാത്രമല്ല ലോകരാജ്യങ്ങളെയെല്ലാം അത്ഭുതപ്പെടുത്തുന്നഒരു വസ്തുതയായി മാറിയിരിക്കുകയാണ്. വാഗ്ദത്തഭൂമിയിലേക്ക് മടങ്ങിയെത്തിയ യെഹൂദാജനം അറബികളുടെ കൈവശമുണ്ടായിരുന്ന ഭൂമി വിലയ്ക്കുവാങ്ങുമ്പോൾ അതു വെറും പാഴും ശൂന്യമായിത്തീർന്ന ഊഷരഭൂമി മാത്രമായിരുന്നു. വെറുതെ കിടക്കുന്ന ആ നിലത്തെ വിറ്റ് തങ്ങളുടെ പണസമ്പാദനത്തിന് ഒരു മാർഗ്ഗമാണെന്ന് അറബികൾ കണ്ടതിനാൽ പലസ്തീനിലേക്ക് കടന്നുവന്ന യഹൂദന്മാർക്ക് ആ നിലം വിൽക്കുവാൻ തുടങ്ങി.

തങ്ങളുടെ പിതാക്കന്മാർ മാതളപ്പഴവും അത്തിപ്പഴവും മുന്തിരിക്കൊലയും പറിച്ചുകൊണ്ടുവന്ന്, പാലും തേനും ഒഴുകുന്ന ദേശമാണത് എന്നു പറഞ്ഞ ഭൂപ്രദേശം ഫലഭൂയിഷ്ഠമാക്കാനായി യഹൂദന്മാർ ഒന്നടങ്കം തീരുമാനിച്ചു. ബാബേൽ പ്രവാസ കാലത്ത് പ്രവാചകന്മാർ വിളിച്ചുപറഞ്ഞ വാഗ്ദത്തവചനങ്ങൾ അവരെ അതിനായി ഉത്സാഹപ്പെടുത്തി.

"മരുഭൂമിയും വരണ്ടനിലവും ആനന്ദിക്കും; നിർജ്ജനപ്രദേശം ഉല്ലസിച്ച് പനിനീർപുഷ്പംപോലെ പൂക്കും; അതു മനോഹരമായി പൂത്ത് ഉല്ലാസത്തോടും ഘോഷത്തോടും കൂടെ ഉല്ലസിക്കും" എന്ന് യെശയ്യാവ് 35:1,2 വാക്യങ്ങളിൽ പറയുന്ന വചനംപോലെ ദേശത്തെ ദൈവം അനുഗ്രഹിക്കുമെന്ന് ഉറപ്പോടെ അവർ വിശ്വസിച്ചു.

"ഒന്നുകിൽ ഈ മണ്ണിനെ ശരിപ്പെടുത്തുക. അല്ലെങ്കിൽ മരിക്കുക" എന്നതായിരുന്നു അവരുടെ തീരുമാനം. ചതുപ്പുനിലത്തിലെ വെള്ളമെല്ലാം അവർ വറ്റിച്ചുകളഞ്ഞു. വെയിലേറ്റ് വരണ്ടുണങ്ങികിടന്ന ഭൂപ്രദേശങ്ങളെ നനച്ചു. ഉപ്പുവെള്ളം കയറി പ്രയോജന ശൂന്യമായികിടന്ന മണ്ണിൽനിന്നും ഉപ്പുരസത്തെ അവർ പുറത്താക്കി. യിസ്രായേൽ രാജ്യം വീണ്ടും ഉടലെടുത്ത 1948 മെയ് മാസം മുതലുള്ള പതിനേഴോളം വർഷങ്ങൾക്കകം പാഴും ശൂന്യവുമായി കിടന്നിരുന്ന ഭൂപ്രദേശം ഫലവൃക്ഷങ്ങളുടേയും പൂക്കളുകളുടേയും ഉദ്യാനമായി പരിണമിച്ചു. യെഹെസ്ക്കേൽ പ്രവാചകൻ വിളിച്ചു പറഞ്ഞതുപോലെ "ഞാൻ നിങ്ങളുടെമേൽ ക്ഷാമം വരുത്താതെ ധാന്യം വിളിച്ചുവരുത്തി വർദ്ധിപ്പിക്കും; നിങ്ങൾ ഇനിമേൽ ജാതികളുടെ ഇടയിൽ ക്ഷാമത്തിന്റെ നിന്ദ അനുഭവിക്കാതിരിക്കേണ്ടതിനു ഞാൻ വൃക്ഷങ്ങളുടെ ഫലവും നിലത്തിന്റെ വിളവും വർധിപ്പിക്കും" (യെഹ.36:29,30). "വഴി പോകുന്ന ഏവരുടേയും കാഴ്ചയ്ക്കു ശൂന്യമായിക്കിടന്നിരുന്ന പ്രദേശത്തു കൃഷി നടത്തും; ശൂന്യമായിക്കിടന്നിരുന്ന ദേശം ഏദെൻ തോട്ടം പോലെയായിത്തീർന്നുവല്ലോ" (യെഹ.36:34,35). യിസ്രായേൽ ദേശത്തെക്കുറിച്ചുള്ള അന്ത്യകാലത്തെ ഈ പ്രവചനവചനങ്ങൾ ഇന്ന് ഈ വർത്തമാന കാലത്ത് നമ്മുടെ കൺമുമ്പിൽ നിറവേറപ്പെടുന്നത് ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട പുതിയനിയമയിസ്രായേൽ സന്തതിക്ക് ആവേശം പകരുന്ന വസ്തുതയാണ്. മണവാളൻ മണവാട്ടിസഭയെ ചേർക്കാൻ വേഗത്തിൽ കടന്നുവരുമെന്നതിന്റെ സൂചനകളാണിവ.



ലോകമെങ്ങും ചിതറിപ്പോയ യെഹൂദാജനം തിരികെവന്ന് വാഗ്ദത്തഭൂമിയിൽ അധ്വാനിച്ചു. ആരും അടങ്ങിയിരുന്നില്ല. എല്ലാവരും മണ്ണിനോട് പടപൊരുതി. കൃഷി സ്ഥലത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചു. ജലസേജനമുള്ള സ്ഥലം നാലിരട്ടിയായി വർധിച്ചു. ഇന്ന് യിസ്രായേലിനാവശ്യമായ ഭക്ഷണ സാധനങ്ങൾ അവർക്കു തന്നെ ഉൽപാദിപ്പിക്കുവാൻ കഴിയുന്നു. കൃഷിമാത്രമുള്ള ആയിരക്കണക്കിന് ഗ്രാമങ്ങൾ സ്ഥാപിതമായി. പൂക്കളും പഴവർഗ്ഗങ്ങളും പച്ചക്കറികളും ധാരാളമായി അവിടെനിന്നും ലോകരാജ്യങ്ങളിലേക്ക് കയറ്റുമതിചെയ്യുന്നു. ഗലീലകടലിൽ നിന്നുള്ള വെള്ളം പൈപ്പു മാർഗ്ഗവും കനാലുകളിൽ കൂടിയും അവർ മറ്റുസ്ഥലങ്ങളിലേക്ക് എത്തിക്കുന്നു. മരുഭൂമി മലർവാടിയായിമാറിക്കഴിഞ്ഞു. ആദ്യത്തെ 16 വർഷങ്ങളിൽ 830 ലക്ഷം വൃക്ഷങ്ങളാണ് അവർ തങ്ങളുടെ വാഗ്ദത്തനാട്ടിൽ നട്ടുവളർത്തിയത്.

റോഡുകൾക്കിരുവശവും മരങ്ങൾ ഉദ്യാനത്തിലെന്നപ്പോലെ വളർന്നു നിൽക്കുന്നു. ബൈബിളിൽ വിവരിച്ചിരിക്കുന്ന വേര് ആഴത്തിലേക്കു നീണ്ട ദേവദാരു മരം ഇവിടുത്തെ പ്രധാന മരമാണ്. യൂക്കാലിപ്സ് മരവുമുണ്ട്. യിസ്രായേൽ സ്ഥാപിതമായി പതിനേഴ് വർഷങ്ങൾ പിന്നിട്ടപ്പോൾ മാത്രം 124000 ഏക്കർ മരുഭൂമിയാണ് മരങ്ങൾ നട്ട് വനമാക്കി മാറ്റിയിരുന്നു. അതിൽ 110000 ഏക്കർ സ്ഥലവും 1948-ന് ശേഷമുള്ള പ്രവർത്തനത്താലാണ് വനമായിമാറിയത്. 150000 ഏക്കർ ഭൂമി സാക്ഷാൽ വനമായി പാലസ്തീൻ നാട്ടിലുണ്ട്. ഒട്ടനവധി ഫുഡ്ഫാക്ടറികൾ യിസ്രായേലിലുണ്ട്. മരുഭൂമി മലർവാടിയായി കുതിക്കുകയാണ്.

**ഒന്നുകിൽ ഈ മണ്ണിനെ ശരിപ്പെടുത്തുക. അല്ലെങ്കിൽ മരിക്കുക എന്നതായിരുന്നു അവരുടെ തീരുമാനം.**

## മശിഹാ നഗരത്തിലേക്കു പ്രവേശിക്കുമെന്നു ജൂതർ വിശ്വസിക്കുന്ന കിഴക്കേ വാതിൽ

പഴയ യെരൂശലേം നഗരത്തിലേക്ക് എട്ടു പ്രവേശന വാതിലുകളാണുള്ളത്. ടെമ്പിൾ മൗണ്ടിനോടു ഏറ്റവുമടുത്തുള്ള കിഴക്കേവാതിൽ സീൽചെയ്ത് അടച്ച് ഉറപ്പിക്കുകയും ആരും ആ വാതിൽ വഴി പ്രവേശിക്കാതിരിക്കുവാൻ വാതിലിനു മുന്നിൽ സെമിത്തേരിപണിതിരിക്കുകയുമാണ് ഇസ്ലാമിക ഭരണാധികാരികൾ. യെഹൂദന്മാരുടെ വിശ്വാസം അനുസരിച്ച് യെഹ.43: 1,2-4 -ൽ പറയുന്നതുപോലെ അവരുടെ മശിഹാ പ്രവേശിക്കുന്ന വാതിലാണിതെന്ന് അവർ കരുതുന്നു.

# അടഞ്ഞുകിടക്കുന്ന കിഴക്കേവാതിൽ


മുദ്രവെച്ചിരിക്കുന്ന യെരുശലേമിലെ കിഴക്കേ വാതിൽ

യെരൂശലേമിൽ ശലോമോൻ ദൈവാലയം പണിതത് കിഴക്കോട്ട് പ്രധാന വാതിൽ വരത്തക്ക വിധത്തിലായിരുന്നു. ഹെരോദാവ് പണിതപ്പോഴും അപ്രകാരം തന്നെയായിരുന്നു. മോശെ സമാഗമനകൂടാരം തയ്യാറാക്കിയപ്പോഴും പ്രധാനവാതിൽ കിഴക്കോട്ടു ആയിരുന്നു. യെഹൂദന്മാർ തങ്ങളുടെ വീണ്ടെടുപ്പുകാരനായ മശിഹ കിഴക്കുനിന്ന് വന്നുചേരുമെന്ന് വിശ്വസിക്കുന്നു. ഈ പ്രധാന വാതിൽ കൂടിയായിരിക്കും തങ്ങളുടെ മശിഹ യെരൂശലേം നഗരത്തിലേക്കു പ്രവേശിക്കുന്നതെന്നാണ് അവർ കരുതുന്നത്. പുരാതന യെരൂശലേമിന്റെ കിഴക്കേമതിലിൽ ഒരു വാതിലുണ്ട്. അത് സുന്ദരം എന്ന ഗോപുരവാതിലാണ്. കിഴക്കേ വാതിലായ ആ സ്വർണവാതിൽ യേശുവിന്റെ കാലത്തും യെരൂശലേമിന്റെ പ്രധാനവാതിലായിരുന്നു. യെരൂശലേം നഗരത്തിലേക്കുള്ള പ്രവേശനം യെരൂശലേം ദൈവാലയത്തിന്റെ മുൻഭാഗത്തിന് അഭിമുഖമായിരുന്നു. എന്നാൽ ഈ വാതിൽ 1187-ൽ സലാദിൻ എന്ന ഇസ്ലാമിക ഭരണാധികാരി അടച്ചു മുദ്രവെച്ചു. ആ കിഴക്കേവാതിൽ ഇന്നും അടഞ്ഞുകിടക്കയാണ്. കിഴക്കോട്ടുള്ള ഗോപുരത്തിലേക്കു തന്നെകൊണ്ടുചെന്നു. അപ്പോൾ യിസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സ് കഴിക്കുവഴിയായിവന്നു.. യഹോവയുടെ തേജസ്സ് കിഴക്കോട്ട് ദർശനമുള്ള ഗോപുരത്തിൽ കൂടി ആലയത്തിൽ പ്രവേശിച്ചു. (യെഹെ.43:1,2-4)

എന്തായാലും ഈ കിഴക്കേവാതിൽ അടച്ചിടുവാൻ ക്രിസ്തുവിരോധികൾ തയ്യാറായതും അത് ഒരിക്കലും തുറക്കരുതെന്ന വിധേന തൊട്ടുമുന്നിൽ സെമിത്തേരി പണിതതും കാണുമ്പോൾ നിശ്ചയമായും ഒരു ദൈവപ്രവർത്തി അവിടെ നടക്കും എന്നുവേണം കരുതാൻ. റോമാ ഗവൺമെന്റ് മുദ്രവെച്ച കല്ലറ മൂന്നാം നാൾ തുറക്കപ്പെട്ടതുപോലെ ഈ അടഞ്ഞവാതിലും ദൈവതേജസ്സിനാൽ തുറക്കപ്പെടും എന്നു വേണം കരുതാൻ. ദൈവികപദ്ധതിയുടെയും ദൈവികവാഗ്ദത്തത്തിന്റെയും പൂർത്തീകരണത്തിനായി ദൈവം ഒരുക്കിയിരിക്കുന്ന യെഹൂദാജനതതിയ്ക്കും യിസ്രായേലിനുംവേണ്ടി നടക്കുവാൻ പോകുന്ന ദൈവപ്രവർത്തി ഈ ആക്ഷരിക ലോകത്ത് നിറവേറപ്പെടുന്നതിനു മുമ്പ് രാജാധിരാജാവായ ക്രിസ്തുനാഥൻ തന്റെ മണവാട്ടിസഭയ്ക്കായി തുറക്കപ്പെട്ട മധ്യാകാശത്തിൽ ആയിരമായിരം ദൂതഗണങ്ങൾക്കൊപ്പം ആഗതമാകും എന്ന മഹത്കാര്യം നാം വിസ്മരിക്കരുത്. “യിസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സ് കിഴക്ക് വഴിയായി നഗരത്തിൽ പ്രവേശിക്കും” എന്ന ദൈവിക വാഗ്ദത്തം വേഗത്തിൽ സംഭവിക്കുമെന്ന് ജൂതർ ഒന്നടങ്കം കാത്തിരിക്കുകയാണ്. മശിഹാ വേഗംവരുമെന്ന് ജൂതരിൽ വലിയൊരുകൂട്ടം നിസ്സംശയം വിശ്വസിക്കുന്നു. അതിനായി അവർ തയ്യാറെടുക്കുകയും ചെയ്യുന്നു. ഇതു നമ്മുടെ പ്രത്യാശയെ വർദ്ധിപ്പിക്കേണ്ടതാണ്. നമ്മുടെ കർത്താവ് വേഗം വരുമെന്ന പ്രത്യാശയോടെ അനുദിനവും ഈ ലോകവാരിധിയിൽ നമുക്കു മുന്നേറാം. ○

### വളർന്നുകൊണ്ടിരിക്കുന്ന ഒരു വ്യവസായ മേഖലയാണ്

# യിസ്രായേലിന്റെ കൃഷിയിടങ്ങൾ

അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു വ്യവസായ മേഖലയാണ് യിസ്രായേലിന്റെ കൃഷിയിടങ്ങൾ പുതിയ ഉൽപ്പന്നങ്ങൾ കയറ്റുമതിചെയ്യുന്നതിലും കൃഷിസംബന്ധമായ സാങ്കേതിക വിദ്യകൾ കണ്ടുപിടിക്കുന്നതിലും ലോകത്ത് മുന്നിൽ നിൽക്കുന്ന രാജ്യമായി യിസ്രായേൽ വളർന്നു കഴിഞ്ഞു. കൃഷിക്കു സ്വാഭാവികമായും ഉപകാരപ്രദമല്ലാത്ത മണ്ണിന്റെമേൽ കഠിനാദ്ധ്വാനം ചെയ്തും. നൂതനസാങ്കേതിക വിദ്യകളിലൂടെയും യിസ്രായേൽ നടത്തുന്ന പരീക്ഷണങ്ങൾ ലോകരാജ്യങ്ങൾക്കുമുമ്പിൽ തങ്ങളുടെ വ്യക്തിവൈഭവത്തെ വിളിച്ചറിയിക്കുന്നവയാണ്. ഭൂപ്രദേശത്തിന്റെ പകുതിയും മരുഭൂമിയാണെങ്കിലും അവിടെല്ലാം ജലമെത്തിച്ച് അവർ പാലും തേനും ഒഴുകുന്ന കനാൻ നാടിന്റെ പ്രതാപത്തിലേക്ക് കൊണ്ടുവന്നുകൊണ്ടിരിക്കുന്നു. 20% ദേശം മാത്രമാണ് കൃഷിക്ക് അനുയോജ്യമായ രീതിയിലുള്ളത്. ഒരു കാലത്ത് അവരുടെ ശത്രുക്കൾ അവരെ ആട്ടിപ്പായ്ച്ച് പിടിച്ചടക്കിയ ഭൂപ്രദേശം വീണ്ടും അവരുടെ കൈകളിലേക്ക് എത്തുമ്പോൾ അത് അവരുടെ അശ്രദ്ധയും അവഗണനയും മൂലം വെറും പാഴും ശൂന്യവുമായി തീർന്നിരിക്കുന്നു. 2008-ൽ 3.6% കയറ്റുമതിചെയ്തു. യിസ്രായേലിന്റെ ആഹാരവിഭവങ്ങളിൽ 95% അവിടെ തന്നെ ഉത്പാദിപ്പിക്കുന്നു. ഇറച്ചി, കാപ്പി, കൊക്കോ, ധാന്യം, എണ്ണവിത്തുകൾ എന്നിവയും പഞ്ചസാരയും ഇറക്കുമതി ചെയ്യുന്നു.

കിബ്ബുട്സും മോഷാവും(Kibbutz, moshav) ജൂതാസമൂഹങ്ങൾ കൃഷിമേഖലയിൽ അതുല്യമാർന്ന സംഭാവനകൾ നൽകികൊണ്ടിരിക്കുന്നവരാണ്.

യിസ്രായേൽ രൂപീകൃതമായ 1948-നുശേഷം 408,000(1,650 ച. കി.മീ) മുതൽ 1,070,000 ഏക്കർ ഭൂമിയാണ് കൃഷിക്ക് അനുയോജ്യമാക്കി യിസ്രായേൽ രൂപപ്പെടുത്തിയത്. കൃഷിയെടുക്കുന്ന ജൂതാസമൂഹങ്ങൾ 400-ൽനിന്ന് 725-ആയി വർധിച്ചു.

ജനസംഖ്യാവർധനയെക്കാൾ കൃഷി ഉത്പാദനം പതിനാറിരട്ടിയായി വർധിച്ചു. അത്യാധുനിക ജലസേചനമാർഗങ്ങളാണ് യിസ്രായേലിൽ കൃഷിക്ക് നവജീവനേകിക്കൊണ്ടിരിക്കുന്നത്. കടൽവെള്ളം ശുദ്ധീകരിച്ച് ശുദ്ധജലത്തിനായി ഉപയോഗിക്കുന്ന പദ്ധതിയും ലോകശ്രദ്ധ പിടിച്ചെടുത്തിരിക്കുകയാണ്. 1948-ൽ 4,60,000 ഏക്കർ കൃഷിയിടങ്ങൾക്ക് ജലസേചനസൗകര്യമുണ്ടായിരുന്നെങ്കിൽ ഇന്നത് 5,34,000 ഏക്കർ ഭൂമിയിലും ലഭ്യമാക്കിയിരിക്കുന്നു.

ഇന്ന് ദേശം പാലും തേനും ഒഴുകുന്ന ദേശമായിരിക്കുന്നു. ഗോതമ്പ്, Sorghum, Corn എന്നീ വിളകൾക്കു മാത്രം 2,15,000 ഹെക്ടർ ഭൂമി പേർ തിരിച്ചിരിക്കുന്നു. കൂടാതെ പച്ചക്കറികളും പഴവർഗ്ഗങ്ങളും ധാരാളമായി ഉത്പാദിപ്പിക്കുന്നു. Citrus,avocados കിവി പഴം (Kiwifruit), guavas മാമ്പഴം, മുന്തിരിങ്ങ എന്നീ പഴവർഗ്ഗങ്ങളും ഒട്ടനവധി പച്ചക്കറികളും ഉത്പാദിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മുന്തിരിത്തോട്ടങ്ങൾ നിറഞ്ഞുനിൽക്കുന്നു.


യിസ്രയേലിന്റെ കൃഷിയിടങ്ങൾ


# ബൈബിൾ പുസ്തകങ്ങൾ എബ്രായ ഭാഷയിലൂടെ

മാത്യു ഫിലിപ്പ്, തിരുവല്ല

ആരം 22

# ബൈബിൾ ചക്രം

# THE BIBLE WHEEL



## ഏബ്രായ അക്ഷരമാലയുടെ ദിവ്യരൂപകല്പന

### 22 അക്ഷരങ്ങളുടെ പ്രതിരൂപാത്മക സാരം.

### വാവ്– ഉപസർഗ്ഗപദം. സംയോജക അവ്യയത്തിന്റെ ചിഹ്നം

(ഉം-and,എന്നാൽ-but, അങ്ങനെ-so, അതുകൂടെ-also)

സങ്കീ.113:3 "അവന്റെ നീതി (വെറ്റ്സിദ് ക്വാനോ) എന്നേക്കും നിലനിൽക്കുന്നു".

| ו | Vav Prefix |
|---|---|
| וְצִדְקָתוֹ | V'tzidqatho: AND his righteousness |
| וְאֶשְׁמְרָה | V'eshm'rah: SO shall I keep |
| וַתָּקָם | Vataqam: She riseth ALSO |

ആറാം അക്ഷരം വാവ് എന്നത് ആണി/കൊളുത്തിനെ സൂചിപ്പിക്കുന്നു. പുറപ്പാട് 26:32 ൽ സമാഗമന കൂടാരത്തിന്റെ കൊളുത്തുകളെ പ്രതിപാദിക്കുന്നു. ഈ വ്യാകരണ ധർമ്മങ്ങളെ ദ്യോതിപ്പിക്കുകകൂടി ചെയ്യുന്നു. ഒരു വാക്കിന് മുമ്പായി വാവ് ചേർക്കുമ്പോൾ അത് അവ്യയമായിത്തീരുകയും മറ്റൊരു വാക്കുമായി ആദ്യത്തേതിനെ ബന്ധിപ്പിക്കുകയും ചെയ്യുന്നു. ഇംഗ്ലീഷിൽ (and-ഉം,-but-എന്നാൽ, അങ്ങനെ- so അങ്ങനെ Then -അപ്പോൾ) എന്നീ പ്രയോഗങ്ങൾ ഇങ്ങനെ ഉണ്ടാകുന്നു. സങ്കീ.111:3-ൽ ഒന്നും രണ്ടു ഘടകങ്ങളെ ചേർക്കുവാൻ (and) എന്ന അവ്യയം ചേർക്കുന്നു. അക്ഷരമാലാ വാക്യങ്ങൾ ഓരോന്നും വാവ്- മായി ചേർക്കുമ്പോൾ സംയോജ്യ അവ്യയമായി മാറുന്നു. പട്ടിക കാണുക.

സങ്കീ.119:44 "അങ്ങനെ ഞാൻ നിന്റെ ന്യായപ്രമാണം ഇടവിടാതെ എന്നേക്കും പ്രമാണിക്കും".

so shall I keep -വെ ഏഷ്മ്റാ

സങ്കീ.31:15 "അവൾ നന്നാ രാവിലെ എഴുന്നേറ്റ് വീട്ടിലുള്ളവർക്ക് ആഹാരവും..കൊടുക്കുന്നു".

(എഴുന്നേൽക്കുക മാത്രമല്ല ആഹാരം കൊടുക്കുക കൂടെ

also വ് ത്താ ക്വാം

ബേത്, ലാമെദ് എന്നിവപോലെ വാവ്-ന്റെയും അർത്ഥം, വ്യാകരണ ധർമ്മം എന്നിവ യഥാവിധി നിർവഹിക്കുവാൻ വാവ് നിലകൊള്ളുന്നു.

### യോദ്– ഉപസർഗ്ഗപദം:പ്രവർത്തന നിരതമായ കാര്യം.

സങ്കീ112:5 വ്യവഹാരത്തിൽ അവൻ തന്റെ കാര്യം നേടും.

He will guide his affairs with direction യെ-കൽക്കേൽ

പത്താം അക്ഷരമായ യോദ് കൈ എന്നർത്ഥമുള്ളതാണ്. സ്വപ്രയത്നം, ശക്തി നിയന്ത്രണം ഇവയുടെ ചിഹ്നം കൂടിയാണത്. ഒരു ക്രിയാപദത്തിന് മുമ്പായി വരുമ്പോൾ വ്യാകരണനിയമപ്രകാരം ത്രിതീയ പുരുഷപ്രയോഗത്തിൽ തുടർച്ചയായ പ്രവൃത്തിയെ ദ്യോതിപ്പിക്കുന്നു.

സങ്കീ111:5 "അവൻ തന്റെ നിയമത്തെ എന്നേക്കും ഓർക്കുന്നു"

He will ever be mindful of his covenant യിറ്റ്സ് കോർ

സങ്കീ25:9 "സൗമ്യതയുള്ളവരെ അവൻ ന്യായത്തിൽ നടത്തുന്നു; അവർക്കു തന്റെ വഴി പഠിപ്പിച്ചു കൊടുക്കുന്നു" യ-ദെരെക്

He will guide- വഴികാട്ടുന്നു. എന്ന് ഒന്നാം ദൃഷ്ടാന്തത്തിലുള്ള ആശയത്തിൽ നിന്ന് രണ്ടാം ദൃഷ്ടാന്തത്തിലേത് വ്യത്യസ്ഥം. അവിടെ വഴി നടത്തുന്നുവെന്ന് കാണാം. ആദ്യത്തേതിൽ തന്റെ കാര്യം നേടുമെന്ന് അർത്ഥമാക്കുന്നു.

| י | Yod Prefix |
|---|---|
| יְכַלְכֵּל | Y'kalkel: HE WILL guide |
| יִזְכֹּר | Yizkor: HE WILL be mindful |
| יַדְרֵךְ | Yadrek: HE WILL guide |

### കാഫ്– ഉപസർഗ്ഗം (തുറന്നകരം, താരതമ്യത്തിന്റെ ചിഹ്നം)

സങ്കീ.119:88

"നിന്റെ ദയയ്ക്കുതക്കവണ്ണം എന്നെ ജീവിപ്പിക്കേണമേ; അങ്ങനെ ഞാൻ നിന്റെ വായിൽ നിന്നുള്ള സാക്ഷ്യങ്ങളെ പ്രമാണിക്കും"

പതിനൊന്നാം അക്ഷരമായ കാഫ് അർത്ഥമാക്കുന്നത് കൈപ്പത്തി, കൈക്കുമ്പിൾ ആണ്. ഇതും യോദുമായുള്ള ബന്ധത്തെപ്പറ്റി പിന്നീട് ചിന്തിക്കാം. ഒരു വാക്കിന് മുമ്പായി കാഫ്-നെ ചേർക്കുമ്പോൾ- അതുപോലെ (like) എങ്ങനെ(how) അങ്ങനെ (thus) അപ്രകാരം(so) അതിൻ പ്രകാരം (according to), ഇപ്രകാരം (in this mannr) തുടങ്ങിയ വാക്യപ്രയോഗങ്ങൾ ലഭിക്കുന്നു. ആധുനിക വിവർത്തനങ്ങളിൽ നിന്റെ ദയയ്ക്ക് അനുസൃതമായി (according to) എന്നുകാണുന്നു. ചോദ്യരൂപങ്ങളായ കമ്മാ(എത്ര), മാ(എന്ത്) തുടങ്ങിയ വാക്കുകൾക്ക് കാഫ് പതിവായി ചേർക്കുന്നു.

സങ്കീ.119:84

"അടിയന്റെ ജീവകാലം എന്തുള്ളു? kamah എന്നെ ഉപദ്രവിക്കുന്നവരോട് നീ എപ്പോൾ ന്യായവിധി നടത്തും?"

11 ആരത്തിലെ മീഖാ എന്ന ഗ്രന്ഥനാമത്തിന്റെ അടിസ്ഥാനം സമാനമായ കാഫ് ഉപയോഗിക്കുന്നു.

മി (ആര്), കാ (തുല്യം), യാഹ് (യഹോവ)?

മീഖാ 7:18

"നിന്നോട് സമനായ ദൈവം ആരുള്ളൂ? മീഖയുടെ പേരും അതിലെ ഉള്ളടക്കവും വിളിച്ചോതുന്നത് യഹോവയെപ്പോലെ ആരുണ്ട്? എന്നതത്രെ"

| כ | Kaph Prefix |
|---|---|
| כְּחַסְדְּךָ | K'hasd'ka: AFTER thy lovingkindness |
| כַּמָּה | Kammah?: How many? |

ബാക്കി പേജ് 9-ൽ

എബ്രായ പഠനം സംബന്ധിച്ച സംശയനിവാരണത്തിനായി വിളിക്കേണ്ടിയ നമ്പർ: 9995390144

Flame of Revival
ബൈബിൾ ക്വിസ്സ് സമ്മേളനം 2017
സെപ്റ്റംബർ 9 ശനി രാവിലെ 9 മുതൽ 1 വരെ
തിരുവല്ലയിൽ നടത്തപ്പെടും
Bible Quiz

# News

## നിത്യതയിൽ



### പാ.പോൾ.എസ്.വി


യു.സി.പി.ഐയുടെ പ്രെയർ കോ-ഓർഡിനേറ്ററും ഡ്യൂനാമിസ് പ്രോഗ്രാം ഡയറക്ടറുമായിരുന്ന പാസ്റ്റർ പോൾ.എസ്.വി താൻ പ്രിയംവെച്ച കർതൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഇക്കഴിഞ്ഞ ജൂലൈ 4-ന് ശാരോൻ ചർച്ച് ഓഡിറ്റോറിയത്തിൽവെച്ചു നടന്ന യു.സി.പി.ഐയുടെ ലീഡേഴ്സ് ആന്റ് പാസ്റ്റേഴ്സ് സെമിനാറിൽവെച്ചുണ്ടായ ഹൃദയാഘാതത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട അദ്ദേഹം വെന്റിലേറ്ററിലായിരുന്നു. 15-നു വൈകുന്നേരം 6.45-നായിരുന്നു അന്ത്യം. തിരുവല്ലയ്ക്കടുത്തുള്ള തലവടിയിലെ ഒരു ഹൈന്ദവ കുടുംബത്തിൽ ജനിച്ച അദ്ദേഹം ക്രിസ്തുവിനെ അറിഞ്ഞതിനുശേഷം ദീർഘകാലം മസ്ക്കറ്റിൽ ഗവൺമെന്റ് ഉദ്യോഗത്തിലായിരുന്നു. തന്റെ ഔദ്യോഗികവേളയിലും സമയം കണ്ടെത്തി തന്നെ രക്ഷിച്ച കർത്താവിന്റെ സാക്ഷിയായി അദ്ദേഹം മുന്നേറി. തന്റെ ഭവനത്തിൽ ഒരു പ്രാർത്ഥനാകൂട്ടം ആരംഭിക്കുകയും ചെയ്തു. ആ പ്രാർത്ഥനാ കൂട്ടം പിൽക്കാലത്ത് അറിയപ്പെടുന്ന ഒരു ക്രൈസ്തവസഭയായി മാറി. ഭാരതത്തിലെ ആത്മിക ഉണർവ്വിനുവേണ്ടി പ്രവർത്തിക്കണമെന്ന ദർശനം തനിക്കുണ്ടായപ്പോൾ താനും ഭാര്യയും ജോലി രാജിവെച്ച് സുവിശേഷവേലയ്ക്കായിട്ടിറങ്ങി. തിരുവല്ല കേന്ദ്രമാക്കി നിരവധി പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. അതിലൊരു പ്രവർത്തനമായിരുന്നു ഡ്യൂനാമീസ് സെമിനാറുകൾ. തന്റെ ഭവനം എപ്പോഴും ആത്മിക ഉണർവ്വിനായി പ്രാർത്ഥിക്കുന്ന പ്രാർത്ഥനകൾ നടന്നിരുന്നു. ശവസംസ്ക്കാരം 19-ന് നടത്തപ്പെട്ടു. ഭാര്യ:കുഞ്ഞമ്മ പോൾ, മക്കൾ:ഗ്രേയ്സ്,മേഴ്സി.

## ആരാധനാലയം പുതുക്കി പണിതു

തമിഴ്നാട്ടിലെ പാപ്പാക്കുഡിയിലുള്ള നമ്മുടെ ആരാധനാലയത്തിന്റെ കേടുപാടുകൾ തീർത്ത് പുതുക്കി പണിയുന്നതിനു കർത്താവു സഹായിച്ചു. കഴിഞ്ഞ ചില മാസങ്ങളായി ഓലയും മരത്തൂണുകളും ചിതൽക്കയറി ദ്രവിക്കുകയും ആലയത്തിൽ ഉള്ളിലുള്ള മരത്തൂണുകളിൽ ചിതൽ കയറുകയും ചെയ്തതു നിമിത്തം ആലയമാകെ തകർന്നുപോയ സാഹചര്യമായിരുന്നു. ദൈവം കൃപചെയ്ത് സൈഡുകൾ ചെങ്കല്ലുകൊണ്ട് കെട്ടിമറക്കുവാനും മരത്തൂണുകൾ മാറ്റിയിട്ട് ഇരുമ്പു തൂണുകൾ പിടിപ്പിക്കുവാനും ഇടയായി. ആലയത്തിന്റെ പുന:നിർമ്മാണത്തിനായി സഹായിച്ച പ്രിയപ്പെട്ടവരോടുള്ള പ്രത്യേക നന്ദി അറിയിക്കുന്നു.



ജാംജൂഡി ഗ്രാമത്തിലെ വിശ്വാസി സഹോദരന്മാരായ കോഷിക്, പ്രശംജിത്, അഭിജിത്. ഇവരിൽ കോഷികും പ്രശന്ത്ജിത്തും ലോക്കൽ സേവക്സ് മിഷനറിമാരായി പ്രവർത്തിക്കുന്നു.
താഴെ ജാംജുഡി ഗ്രാമം



## നമ്മുടെ വിവിധ പ്രവർത്തനങ്ങൾ

### സുവിശേഷ വയൽ പ്രദേശങ്ങൾ

പശ്ചിമബംഗാൾ, ഉത്തർപ്രദേശ്, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിൽ നമ്മുടെ പ്രിയപ്പെട്ടവർ സുവിശേഷീകരണ പ്രവർത്തനങ്ങളിൽ മുന്നേറുന്നു. തത്ഫലമായി അന്ധകാരജീവിതം നയിച്ചിരുന്ന ഒട്ടനവധിയാളുകൾ പാപത്തിൽ നിന്നും രക്ഷിക്കുന്ന രക്ഷകനായ ക്രിസ്തുവിനെ കണ്ടെത്തുന്നു. നാലു സംസ്ഥാനങ്ങളിലായി 25 പേരോളം സുവിശേഷപ്രവർത്തനത്തിൽ വ്യാപൃതരായിരിക്കുന്നു.

### പ്രാർത്ഥനാ- ആരാധനാ ഗ്രൂപ്പുകൾ

നാലു സംസ്ഥാനങ്ങളിലെ നാൽപ്പതോളം സ്ഥലങ്ങളിൽ പ്രാർത്ഥനാഗ്രൂപ്പുകൾ നടത്തപ്പെടുന്നുണ്ട്. ചിലസ്ഥലങ്ങളിൽ ആരാധനയും നടത്തപ്പെടുന്നു. അക്ഷയനായ ദൈവത്തിന്റെ തേജസിനെ ക്ഷയമുള്ള പക്ഷി, മൃഗജാതി, നാൽക്കാലി എന്നിവയുടെ മൃഗ സാദൃശ്യമാക്കി മാറ്റിക്കളഞ്ഞ് അന്ധതമസ്സിൽ കിടന്ന നൂറുകണക്കിനാളുകൾ ജീവനുള്ള ദൈവത്തെ അറിയുവാനും അവരുടെ തകർന്ന ഹൃദയങ്ങൾക്ക് ആശ്വാസവും ആത്മാക്കൾക്കു രക്ഷയും, രോഗങ്ങൾക്ക് സൗഖ്യവും കർത്താവ് നൽകികൊണ്ടിരിക്കുന്നു.

### വിവിധ വികസന പ്രവർത്തങ്ങൾ

കുഞ്ഞുങ്ങളുടെ ആത്മീക ഉന്നമനം ലാക്കാക്കി അവർക്കായുള്ള വിവധ ക്ഷേമ പ്രവർത്തനങ്ങൾ സ്കൂളുകളിലും കോളനികളിലും നടത്തപ്പെടുന്നുണ്ട്. കേരളത്തിൽ ജോലിയ്ക്കായി എത്തിയ ഇതര സംസ്ഥാന തൊഴിലാളികളുടെ മധ്യേ നടത്തപ്പെടുന്ന അപബോധ പ്രോഗ്രാമുകൾ മുഖാന്തരം മദ്യപാനം, മയക്കുമരുന്ന്, പുകവലി തുടങ്ങിയ ദുർമാർഗങ്ങളിൽനിന്നും ചെറുപ്പക്കാർ വിടുവിക്കുന്നു. കുട്ടികൾക്കിടയിലുള്ള പ്രവർത്തനങ്ങൾ മുഖാന്തരം ഒട്ടനവധി തകർന്ന കുരുന്നുകൾക്ക് യേശുകർത്താവിനാൽ അനുഗ്രഹീതരാകാൻ ഇടയാകുന്നു. ആരോടും അഭയമില്ലാത്ത മനോരോഗികളും അനാഥരുമായവരുടെ അടുക്കൽ സനാഥനായ ക്രിസ്തുയേശുവിന്റെ വചനങ്ങൾ നൽകുന്നത് അവർക്ക് ആശ്വാസത്തിനും പ്രത്യാശയ്ക്കും മാർഗമേകുന്നു. തയ്യൽസ്കൂൾ മുഖാന്തരം പെൺകുട്ടികളെ ഉത്തമഭാവിയിലേക്ക് ആനയിക്കുന്നു. രോഗികൾക്ക് വൈദ്യസഹായവും വിധവകൾക്കുള്ള സഹായവും നൽകുന്നു.

### ദേശത്തിനായുള്ള പ്രാർത്ഥനകൾ

വ്യാപകമായ ആത്മീക ഉണർവ്വ് ലക്ഷ്യമാക്കി സഭാ- സംഘടനാഭേദമെന്യേയുള്ള ഐക്യപ്രാർത്ഥനകൾക്ക് നേതൃത്വം നൽകുവാൻ 2003 മുതൽ കർത്താവ് നമ്മെ സഹായിക്കുന്നു.

## ബൈബിൾ ക്വിസ്സ് സമ്മേളനവും കുടുംബസംഗമവും 2017

ഫ്ളെയിം ഓഫ് റിവൈവലിന്റെ
ബൈബിൾ ക്വിസ്സ് സമ്മേളനം
**സെപ്റ്റംബർ 9 ശനിയാഴ്ച**
തിരുവല്ലയിൽ നടത്തപ്പെടും.
രാവിലെ 9 മുതൽ 1 മണി വരെയാണ് സമ്മേളനം.
പ്രത്യേകം കടന്നുവരുമല്ലോ.

## ഏബ്രായ അക്ഷരമാലയുടെ ദിവ്യരൂപകല്പന പേജ് 8-ന്റെ ബാക്കി ഭാഗം


### യോദ്-കാഫ് പ്രത്യയം (എന്റേത്, നിന്റേത് )

രൂത്ത് 1:16 നിന്നെ വിട്ടുപിരിവാനും നിന്റെ കൂടെ വരാതെ മടങ്ങിപ്പോകുവാനും എന്നോടു പറയരുതേ; നീ പോകുന്നേടത്തു ഞാനും പോരും; നീ പാർക്കുന്നേടത്തു ഞാനും പാർക്കും; നിന്റെ ജനം എന്റെ ജനം; നിന്റെ ദൈവം എന്റെ ദൈവം.

യോദ്,കാഫ് എന്നീ അക്ഷരങ്ങൾ കൈ-ടെ

| Yod and Kaph Suffixes | |
|---|---|
| עַם | Am: People |
| עַמִּי | Ammi: MY people |
| עַמְּךָ | Ammek: THY people |

വിവിധ ഘടകങ്ങളെ സൂചിപ്പിക്കുന്നുവെന്ന് പറഞ്ഞല്ലോ. യോദ്- പ്രവർത്തന നിരതമായ കയ്യ്- ജോലി ചെയ്യുക, നിയന്ത്രിക്കുക, ഭരണം നടത്തുക, കാര്യങ്ങൾ സ്വീകരിക്കുക എന്നിവയ്ക്ക് ഉള്ളത്. കാഫ് ആകട്ടെ, തുറന്ന കരത്തിന്റെ സൂചകമത്രെ. കൊടുക്കവാങ്ങൽ ചെയ്യുന്നകരം, അവയെ ഒരുപദത്തിന് മുമ്പായി ചേർക്കുമ്പോൾ വ്യക്തമായ പദപ്രയോഗങ്ങൾ നമുക്കു ലഭ്യമാകുന്നതു പോലെ വാക്കുകൾക്കു പിന്നാലെ ചേർക്കുമ്പോഴും വിവിധ പദപ്രയോഗങ്ങൾ വെളിപ്പെടും. ദൃഷ്ടാന്തമായി എനിക്ക്/ എന്റേത് എന്നീ ആശയങ്ങൾ പ്രഥമ പുരുഷന്റെ കൈവശമുള്ളതിനെ സൂചിപ്പിക്കുന്നു. യോദ് ഒരു പദത്തിനു പിന്നാലെ ചേർക്കുമ്പോൾ അതത്രെ സംഭവിക്കുക. അതുപോലെ കാഫ് ഒരു പ്രത്യയമായി ചേർക്കുമ്പോൾ നിന്റേതു/ നിനക്ക് എന്ന ദ്വിതീയ പുരുഷന്റെ കൈവശവസ്തുവിനെ കുറിക്കുന്നു. രൂത്ത്1:16-ലെ വാക്യത്തിൽ നിന്റെ ജനം എന്റെ ജനം എന്ന പ്രയോഗത്തിൽ യോദ്, കാഫ് എന്നിവ യഥാക്രമം ചേർത്തിരിക്കുന്നു. അമ്മി (യോദ്)= എന്റെ ജനം; അമ്മെക്(കാഫ്)= നിന്റെ ജനം. ചുരുക്കത്തിൽ, ഒരു പ്രത്യയം ആയി ഉപയോഗിക്കുമ്പോൾ യോദ് എന്റേത് എന്നും കാഫ് നിന്റെത് എന്നും അർത്ഥമാക്കുന്നു.




തുടരും

# ബൈബിൾ ക്വിസ്

പ്രീതി സാജൻ

കഴിഞ്ഞ ലക്കം

## ഉത്തരങ്ങൾ

യെഹെസ്കേൽ

| | | |
|---|---|---|
| 1. | യെരൂശലേം. | 16:6 |
| 2. | മനുഷ്യനെയും മൃഗത്തെയും | 14:13 |
| 3. | ബാബേൽ രാജാവിനെ | 17:12 |
| 4. | മുന്തിരിവള്ളിയെപ്പോലെ | 15:6 |
| 5. | ദേവദാരുവിന്റെ | 17:22 |
| 6. | അവർ ദ്രോഹം ചെയ്കകൊണ്ട് | 15:8 |
| 7. | ഉണങ്ങിയ | 17:24 |
| 8. | ശമര്യ | 16:46 |
| 9. | നീതികേട് | 18:26 |
| 10. | ഉയരവും ഉന്നതവുമായ | 17:22 |
| 11. | 17–ാം അധ്യായത്തിൽ | |
| 12. | ഏഴാം ആണ്ട് | 20:1 |
| 13. | മ്ലേച്ഛവിഗ്രഹങ്ങളെ | 20:8 |
| | അതിക്രമങ്ങൾ | 18:31 |
| 14. | മരുഭൂമിയിൽ | 20:13 |
| 15. | മിസ്രയീദേശത്തേക്ക് | 19:4 |
| 16. | യെഹ.20:15,16 | |
| 17. | ഉണങ്ങിവരണ്ടനിലത്ത് | 19:13 |
| 18. | നടു ഒടികെ, കഠിനമായി | 21:6 |
| 19. | മരുഭൂമിയിൽ | 20:10 |
| 20. | മുഖാമുഖമായി | 20:35 |
| 21. | യെഹ.20:41 | |
| 22. | ബലമുള്ള കൈ, നീട്ടിയഭുജം, ചൊരിയുന്നക്രോധം | 20:33 |
| 23. | സൃഷ്ടിക്കപ്പെട്ട സ്ഥലത്തു | 21:30 |
| 24. | എന്റെ മകന്റെ ചെങ്കോലിനെയും.. | 21:10 |
| 25. | ബാബേൽ രാജാവ് | 21:21 |

## യെഹെസ്കേൽ അദ്ധ്യായങ്ങൾ: 22,24–30

1. ബാബേൽ രാജാവ് ഏത്രാം തീയതിയിലാണ് യെരൂശലേമിനെ ആക്രമിച്ചത് ?
2. ആരെയാണ് 'ഇര കടിച്ചുകീറുന്ന ചെന്നായ്ക്കൾ' എന്നു പറഞ്ഞിരിക്കുന്നത് ?
3. 'ക്ലാവ് വിട്ടുപോകാത്ത കുട്ടകം' എന്നു വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?
4. യെരൂശലേമിനെ ജാതികൾക്കു നിന്ദയും സകലദേശങ്ങൾക്കു പരിഹാസ വിഷയവും ആക്കിയിരിക്കുന്നത് അവർ എന്തുണ്ടാക്കുന്നതു നിമിത്തമാണ് ?
5. രബ്ബയെ ദൈവം ഏതുമൃഗങ്ങൾക്ക് കിടപ്പിടമാക്കും ?
6. യെരൂശലേമിലെ പ്രഭുക്കന്മാർ ലാഭം ഉണ്ടാക്കേണ്ടതിന് ചെയ്യുന്നത് എന്തൊക്കെയാണ് ?
7. പ്രവാചകന്റെ ഭാര്യ മരിക്കുമ്പോൾ എപ്രകാരം നെടുവീർപ്പിടുവാനാണ് ദൈവം പറയുന്നത് ?
8. സ്വന്തം ദേശം എന്തിനെ അശുദ്ധമാക്കുന്നു ?
9. ദൈവം വെറും പാറയാക്കുന്നത് ഏതു ദേശത്തെയാണ് ?
10. ഏദോം യെഹൂദാ ഗൃഹത്തോടു ചെയ്ത തെറ്റ് എന്ത് ?
11. സോരിനു കൊടിയായിരിക്കേണ്ടതിനു 'കപ്പൽപ്പായ്' എവിടെനിന്ന് എന്തുകൊണ്ട് ഉണ്ടാക്കിയിരിക്കുന്നു ?
12. ഫെലിസ്ത്യരെ ദൈവം എപ്രകാരമാണ് നശിപ്പിച്ചുകളഞ്ഞത് ?
13. 'നിന്റെ ഹൃദയം നിഗളിച്ചുപോയി' ആരുടെ ഹൃദയമാണ് നിഗളിച്ചുപോയത് ?
14. സോരിനുനേരെ ദൈവം അയച്ച ന്യായവിധികൾ എന്തൊക്കെയാണ് ?
15. സോരിൽ ഉണ്ടായിരുന്ന ജ്ഞാനികൾ ആരായിരുന്നു ?
16. സോരിലെ ഗോപുരങ്ങളെ കോടാലികൊണ്ട് തകർത്തുകളഞ്ഞത് ഏതു രാജാവാണ് ?
17. '.മഹാനക്രം' എന്ന് ദൈവം വിളിച്ചത് ആരെയാണ് ?
18. യഹൂദയും, യിസ്രായേലും സോരിനു പകരം കൊടുത്തത് എന്തൊക്കെയാണ് ?
19. എത്രതരം രത്നങ്ങളാണ് സോരിനെ മൂടിയിരുന്നത് ? അവ ഏതൊക്കെ ?
20. മിസ്രയീമിന്റെ നുകം ഒടിച്ച് അതിന്റെ ബലത്തിന്റെ പ്രതാപം ഇല്ലാതാകുമ്പോൾ തഹഫ്നേഹെസിൽ സംഭവിക്കുന്നത് എന്ത് ?
21. ദൈവത്തിന്റെ തോട്ടമായ ഏദെനിൽ ആയിരുന്ന ദേശം ഏത് ?
22. മിസ്രയീമിൽ വാൾ വരുമ്പോൾ അതിവേദനയുണ്ടാകുന്നത് ഏതു ദേശത്തിനാണ് ?
23. ദൈവം 'എന്റെ ദാസൻ' എന്ന് വിശേഷിപ്പിച്ചത് ആരെയാണ് ?
24. മിസ്രയീമിലെ സമ്പത്ത് ദൈവം പ്രതിഫലമായി കൊടുത്തത് ആർക്ക് ?
25. മിസ്രയീമിന്റെ ജന്മദേശം ഏത് ?

### ഉത്തരം അയക്കുമ്പോൾ ശ്രദ്ധിക്കുക

ഉത്തരം വേറെ കടലാസ്സിൽ എഴുതി കവറിലോ ഇൻലന്റിൽ എഴുതിയോ അയക്കാവുന്നതാണ്. ദയവായി ഉത്തരം എഴുതിയ പേപ്പർ ഇൻലന്റിനുള്ളിൽ വെച്ച് അയക്കരുത്

നമ്പർ എഴുതിയിട്ട് ഉത്തരം മാത്രം എഴുതുക. ചോദ്യം എഴുതേണ്ടതില്ല.

ഉത്തരത്തോടൊപ്പം ബൈബിൾ വാക്യം ഏതാണെന്നും കാണിച്ചിരിക്കണം.

വിലാസം,ഫോൺ,മൊബൈൽ നമ്പരുകൾ ഉത്തരം അയക്കുന്ന പേപ്പറിൽ വ്യക്തമായി എഴുതിയിരിക്കണം.

കവറിലും മേൽവിലാസം വ്യക്തമായി എഴുതി അയക്കണം.

ഉത്തരങ്ങൾ 2017 **ആഗസ്റ്റ് 15 – നു മുമ്പ്** അയച്ചു തരിക.

**അയക്കേണ്ട വിലാസം:**

**Flame of Revival,**
**PB.21, Kuttapuzha.PO,**
**Tiruvalla 689 103**
**Kerala State**

ഇവിടെ നിന്നും സമ്മാനമായി അയക്കുന്ന പുസ്തകങ്ങൾ തിരികെ വരാതിരിക്കുവാൻ ശരിയായ മേൽവിലാസം ദയവായി അയക്കുക. കവറിലും പേപ്പറിലും വിലാസം എഴുതുക

### ബൈബിൾ ക്വിസ്സ് സമ്മേളനം 2017

ഫ്ളെയിം ഓഫ് റിവൈവലിന്റെ ബൈബിൾ ക്വിസ്സ് സമ്മേളനം സെപ്റ്റംബർ 9 ശനിയാഴ്ച തിരുവല്ലയിൽ നടത്തപ്പെടും. രാവിലെ 9 മുതൽ 1 മണി വരെയാണ് സമ്മേളനം. പ്രത്യേകം കടന്നുവരുമല്ലോ.

**ബൈബിൾ ക്വിസ് സംബന്ധിച്ച സംശയങ്ങൾക്ക് വിളിക്കേണ്ടിയ നമ്പർ:**
08289816357

### വിജയികൾ

തെരഞ്ഞെടുക്കപ്പെട്ട 6 പേരുടെ പേരുകൾ

**ജൂൺ 2017**

**സിബി ജോമോൻ**
കിളിത്താറ്റിൽ
വടകോട്.പി.ഒ
എറണാകുളം

**മേരി ബിയാട്രീസ്**
ഷാലോം
നെല്ലിക്കോട്.പി.ഒ
കോഴിക്കോട്

**എൽസി റോസ് വർക്കി**
ഏനാതിയ്ക്കൽ
അമലഗിരി.പി.ഒ
കോട്ടയം

**മോളി ജേക്കബ്**
നാലാംവേലിൽ
ആർ.എസ്. പി.ഒ
തിരുവല്ല

**സലോമിസ്സാൻലിരാജ്**
ജയ് ഭവൻ
പയറ്റുവിള.പി.ഒ
തിരുവനന്തപുരം

**ലിസ്സി ദാസ്**
ചാരുംമൂട്ടിൽ
മഞ്ഞാടി.പി.ഒ
തിരുവല്ല

**മലയാളം സ്റ്റഡി ബൈബിൾ**

**തുടർച്ചയായി ശരിയുത്തരം അയക്കുന്നവരിൽ തെരഞ്ഞെടുക്കപ്പെടുന്ന ആറു പേർക്ക് മലയാളം സ്റ്റഡി ബൈബിൾ സമ്മാനമായി ലഭിക്കുന്നതാണ്.**

## കേരളത്തിലും ബംഗാളിലും തമിഴ്നാട്ടിലും ഉത്തർപ്രദേശിലും സുവിശേഷ പ്രവർത്തനങ്ങൾ

കേരളത്തിൽ കടന്നുവന്നു തൊഴിൽ ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കു മധ്യേയും, ബംഗാൾ,തമിഴ്നാട്,ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും സുവിശേഷ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുവാൻ കർത്താവ് സഹായിക്കുന്നു. ഈ ശുശ്രൂഷയ്ക്ക് ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും സാമ്പത്തിക സഹായവും ആവശ്യമാണ്.

### നമ്മുടെ മിഷൻ ഫീൽഡുകൾക്കായി പ്രാർത്ഥിക്കുക




## ദൈവമക്കളുടെ പ്രത്യേക ശ്രദ്ധയ്ക്ക്


ഫ്ളെയിം ഓഫ് റിവൈവലിന്റെ പ്രസിദ്ധീകരണത്തിനുവേണ്ടി പ്രിന്റിംഗ്, പോസ്റ്റിംഗ് കാര്യങ്ങൾക്കായി എല്ലാ മാസവും സാമ്പത്തികചെലവുകൾ വർദ്ധിക്കുന്നു. വായനക്കാരായ ദൈവമക്കൾ വാർഷിക വരിസംഖ്യകളും സംഭാവനകളും അയച്ചു തരുന്നത് പത്രത്തിന്റെ പ്രസിദ്ധീകരണത്തിന് ഏറെ സഹായകമാകും. വരിസംഖ്യയോ സംഭാവനകളോ മണി ഓർഡറായി അയക്കുകയാണെങ്കിൽ **ഫ്ളെയിം ഓഫ് റിവൈവൽ, പി,ബി.നമ്പർ 21, കുറ്റപ്പുഴ.പി.ഒ, തിരുവല്ല 689103** എന്ന വിലാസത്തി അയക്കുക. ബാങ്കിലേക്ക് നെഫ്റ്റ്/ആർ.ടി.ജി.എസ് വഴി നേരിട്ടയക്കുന്നതിനായി വിവരങ്ങൾ ഇതോടൊപ്പം നൽകിയിട്ടുണ്ട്. ദൈവമക്കളുടെ വിലയേറിയ സഹകരണം പ്രതീക്ഷിക്കുന്നു.

**സംഭാവന ബാങ്കുവഴി അയക്കുകയോ ചെക്കായി അയക്കുകയോ ചെയ്യുമ്പോൾ**

അയക്കേണ്ടതായ പേര്:
CROWN OF LIFE MINISTRIES
ബാങ്ക്: STATE BANK OF INDIA- (S.B.I)
ബ്രാഞ്ച്: KUTTAPUZHA സ്ഥലം: THIRUVALLA
അക്കൗണ്ട് നമ്പർ: 67083936228 (CURRENT ACCOUNT)
ഇന്റർനെറ്റ് വഴി അയക്കുമ്പോൾ: IFSC Code: SBIN0070309
കൂടുതൽ വിവരങ്ങൾക്ക് **9447472692, 9446115977**




# ഭക്തസിംഗ്



**ക്രിസ്തുവിനേയും ക്രിസ്ത്യാനിയേയും വെറുത്തയാൾ ഒടുവിൽ ക്രിസ്ത്യാനിയായി**

**പഞ്ചാബിൽനിന്നും ഒരു മിഷനറി ജീവചരിത്രം കൂടി**



ഭക്തസിംഗ്
പഴയ ചിത്രം

## ഭക്തസിംഗ്

| | |
|---|---|
| ജനനം: | 1903 ജൂൺ 6 |
| ജനനസ്ഥലം: | ബ്രിട്ടീഷ് ഇൻഡ്യയിലെ പഞ്ചാബ് ( ഇന്ന് പാകിസ്ഥാനിലെ പഞ്ചാബ്) |
| മരണം: | 2000 സെപ്റ്റംബർ 17<br>97–ാം മത്തെ വയസിൽ<br>ഹൈദരാബാദിൽ. |

**ദൈവത്തിനായി ദാഹിച്ചുനടന്ന പുത്രൻ ദൈവികകാര്യങ്ങൾക്കായി കൂടുതൽ സമയം ചെലവഴിച്ചവൻ ഇന്നിതാ യഥാർത്ഥദൈവത്തെ കണ്ടെത്തിയിരിക്കുന്നു. എന്നാൽ അതു മനസ്സിലാക്കുവാൻ ജീവ നുള്ള ദൈവത്തെ കണ്ടെത്താത്ത അവന്റെ മാതാപിതാക്കൾക്ക് കഴിഞ്ഞില്ല.**

ക്രിസ്തുവിന്റെ അനുയായി ആയിത്തീർന്ന ഭക്തസിംഗിന് ക്രിസ്തുവിനെ സാക്ഷിക്കാതിരിക്കുക എന്നത് അസാദ്ധ്യമായ ഒരു കാര്യമായിരുന്നു. വിദേശത്ത് പഠിക്കാൻപോയ മകൻ തിരികെ എത്തിയത് ക്രിസ്ത്യാനിയായിട്ടാണെന്ന് കണ്ടപ്പോൾ മാതാപിതാക്കൾക്ക് അത് ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. തങ്ങളുടെ പുത്രൻ പൂർണസമയം ക്രിസ്തുവിന്റെ വചനവുമായി ഇറങ്ങുകയാണെന്നുകൂടി കേട്ടപ്പോൾ അവരിരുവരും സ്തബ്ധരായിപ്പോയി. സിക്കുസമുദായത്തിലെ ഉന്നതകുലരായ തങ്ങളുടെ വീട്ടിൽ മകൻ മറ്റൊരു മതവിശ്വാസവുമായിവന്ന് താമസിക്കുന്ന കാര്യം ഒരിക്കലും അവർക്ക് അംഗീകരിക്കുവാൻ കഴിയുമായിരുന്നില്ല.

മതപരമായ കാര്യങ്ങൾക്കുപോകാതെ വീട്ടിലെത്തിയാൽ കുറച്ചുകാലം മൗനമായി കഴിയണമെന്ന മാതാപിതാക്കളുടെ അപേക്ഷ ഭക്തസിംഗ് നിരസിച്ചു. 'യേശുവിനെ ഉദ്ഘോഷിക്കും' എന്ന തന്റെ വാക്കുകളിൽ താൻ ഉറച്ചുനിന്നു. എന്നാൽ സ്വഭവനത്തിൽനിന്നുകൊണ്ട് അതു പ്രാവർത്തികമാക്കുവാൻ ഭക്തസിംഗിന് ജന്മം നൽകിയ മാതാപിതാക്കൾ അനുവാദം നൽകിയില്ല. എത്രപറഞ്ഞിട്ടും തന്റെ മകന്റെ തീരുമാനത്തിൽ നിന്നും അവൻ വ്യതിചലിക്കുന്നില്ലെന്നു കണ്ടപ്പോൾ പിതാവ് തന്റെ തലപ്പാവ് ഊരി പുത്രന്റെ പാദത്തിങ്കൽവെച്ചു തങ്ങളുടെ അപേക്ഷകേട്ട് ഭവനത്തിലേക്കു വരണമെന്നു കേണപേക്ഷിച്ചു. എന്നാൽ തന്റെ മാതാപിതാക്കളുടെ വാക്കുകൾക്കുമുമ്പിൽ ക്രിസ്തുവിലുള്ള വിശ്വാസം ത്യജിക്കുവാൻ ഭക്തസിംഗ് തയ്യാറായില്ല. യേശുക്രിസ്തുവിനെക്കാൾ മറ്റാരെയും വലിയവനായി അദ്ദേഹം കണ്ടില്ല.

നീണ്ട ഏഴുവർഷത്തെ വിദേശപഠനത്തിനുശേഷം കടന്നുവന്ന മകനെ വീണ്ടും കണ്ടപ്പോൾ അവരുടെ കൺകൾ ഈറനണിഞ്ഞിരുന്നു. ഉന്നതവിദ്യഭ്യാസം പൂർത്തിയാക്കി സർഗോഥയിലെ തങ്ങളുടെ ഗ്രാമത്തിലേക്ക് കടന്നുവന്ന് കുടുംബത്തിന് അന്തസ്സുയർത്തി തൊഴിൽ ചെയ്തു തങ്ങളോടൊപ്പം കഴിയുന്ന മകന്റെ സ്വപ്നങ്ങൾ നെയ്തു കൂട്ടി ദിവസങ്ങളോളം അവന്റെ വരവിനായി കാത്തിരുന്ന മാതാപിതാക്കൾ അവന്റെ ക്രിസ്തു വിശ്വാസം നിമിത്തം നിരാശരായി. ഭക്തസിംഗ് തന്റെ ഭവനത്തിലേക്ക് കടന്നുപോകുവാൻ തയ്യാറായിരുന്നു. എന്നാൽ 'ക്രിസ്ത്യാനി ആയിതീർന്ന' മകനെ സ്വഭവനത്തിലേക്കു കൊണ്ടുപോകുവാൻ മാതാപിതാക്കൾ തയ്യാറായിരുന്നില്ല. ഒരുപക്ഷേ അവൻ മദ്യപാനിയോ തല്ലുകാരനോ ആയിരുന്നെങ്കിലും അവർ അവരുടെ വീട് അവന് അനുവദിക്കുകയായിരുന്നു.

ഭക്തസിംഗ് ഇന്നിതാ തികച്ചും പുതുസൃഷ്ടിയായിരിക്കുന്നു. ദൈവത്തിനായി ദാഹിച്ചുനടന്ന പുത്രൻ ദൈവികകാര്യങ്ങൾക്കായി കൂടുതൽ സമയം ചെലവഴിച്ചവൻ ഇന്നിതാ യഥാർത്ഥദൈവത്തെ കണ്ടെത്തിയിരിക്കുന്നു. എന്നാൽ അതു മനസ്സിലാക്കുവാൻ ജീവനുള്ള ദൈവത്തെ കണ്ടെത്താത്ത അവന്റെ മാതാപിതാക്കൾക്ക് കഴിഞ്ഞില്ല. ഇന്നും ഇതുപോലുള്ളവർ എവിടെയും ദൃശ്യമാണ് യേശു ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നത് സ്വീകരിക്കാത്തയാളുകൾ വർധിക്കുകയാണിപ്പോഴും. തന്റെ കൈവശമുണ്ടായിരുന്ന ശേഷിച്ച പണം മുഴുവൻ പിതാവിന്റെ പക്കൽ താൻ കൊടുത്തു. അവരോടൊപ്പം ബോംബെയിലെ വിക്ടോറിയ ടെർമിനസ് റെയിൽവേ സ്റ്റേഷനിലേക്ക് കടന്നുപോയി. സർഗോഥയിലേക്കു പോകുവാനുള്ള ട്രെയിൻ പുറപ്പെടുന്നതിനുമുമ്പ് വീണ്ടും മാതാപിതാക്കൾ കേണപേക്ഷിച്ചു. യേശുവിനോടൊപ്പം താൻ വരാൻ തയ്യാറാണെന്നതിൽ ഭക്തസിംഗ് ഉറച്ചുനിന്നതിനാൽ അവർ വിസ്സമതിച്ചു. തീവണ്ടി വന്നു. അതൊരു പ്രത്യേക വിടവാങ്ങലായിരുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നുവെന്ന ഏകകാരണത്താൽ ഏഴുവർഷത്തെ വിദേശപഠനത്തിനുശേഷം വന്ന മകനും മാതാപിതാക്കളും തമ്മിൽ വേർപിരിയുന്ന അനർഘനിമിഷങ്ങൾ. അവൻ ക്രിസ്ത്യാനി ആയിപ്പോയി ഇതു മാത്രമായിരുന്നു ഭക്തസിംഗിന്റെ കുറ്റം. ക്രിസ്ത്യാനിയായ മകനെ കൂടെകൊണ്ടുപോകാൻ തയ്യാറാകാതിരുന്ന ആ മാതാപിതാക്കൾ ട്രെയിനിൽ ഇരുന്ന് പൊട്ടിക്കരഞ്ഞു.

യേശുവിനെ സ്വീകരിച്ചുവെന്ന ഏകകാരണത്താൽ തന്നെ നൊന്തുപ്രസവിച്ച അമ്മയും തന്നെപോറ്റിപുലർത്തിയ പിതാവും തന്നെ പ്ളാറ്റ്ഫോമിൽ നിറുത്തിയിട്ട് സർഗോഥയിലേക്കു പോകുന്ന കാഴ്ച ഭക്തസിംഗിനെ നിരാശനാക്കിയില്ല. കാരണം താൻ ഏകനല്ലെന്നു അവനറിയാമായിരുന്നു. വെള്ളത്തിൽ കൂടി നടന്നാൽ വെള്ളം മീതെ കവിയില്ലെന്നും അഗ്നിജ്വാല നിന്നെ ദഹിപ്പിക്കത്തില്ലെന്നും അരുളിചെയ്ത സർവ്വശക്തൻ തന്നോടൊപ്പം ഉള്ളതിനാൽ ആ കർത്താവിനുവേണ്ടി എന്തു നിന്ദയും സഹിക്കുവാൻ താൻ തയ്യാറായിരുന്നു. എങ്കിലും മനുഷസഹജമായ വേദന തളംകെട്ടി. തീവണ്ടി യാത്രപുറപ്പെടുവാൻ ഒരുങ്ങുമ്പോഴും മാതാപിതാക്കൾ തന്റെ മകന്റെ വരവിനായി പ്രതീക്ഷിച്ചു. എന്നാൽ വണ്ടി നീങ്ങിതുടങ്ങുമ്പോഴും പ്ളാറ്റ്ഫോമിൽനിന്ന് ട്രെയിനിലേക്ക് നോക്കിനിൽക്കുന്ന മകനെമാത്രമാണ് അവർ കണ്ടത്.

ബോംബെയിൽ തങ്ങുന്നതിനോ വേറെവിടെങ്കിലും യാത്രചെയ്യുന്നതിനോ കയ്യിൽ പണമില്ല. ഉള്ളതെല്ലാം പിതാവിന്റെ കൈക്കൽ കൊടുത്തു. അന്നു രാത്രി ഒരു അഭയകേന്ദ്രത്തിലെത്തി ഒരാഴ്ചത്തേക്ക് പണമൊന്നും കൊടുക്കാതെ പാർക്കുന്നതിന് അവിടെ മുറിലഭിച്ചു. ഭാരതത്തിലെ തന്റെ സുവിശേഷപ്രവർത്തനത്തിന്റെ ആരംഭം ബോംബെ പട്ടണത്തിൽ ആയിരുന്നു. ലഘുലേഖകൾ കൊടുത്തുകൊണ്ട് ക്രിസ്തുവിന്റെ സാക്ഷിയായി അദ്ദേഹം പലരുടേയും അടുക്കൽചെന്നു. "സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല" എന്ന പൗലോസിന്റെ വാക്കുകൾ ഭക്തസിംഗിനെ സംബന്ധിച്ചും അന്വർത്ഥമായിരുന്നു. മിക്കദിവസങ്ങളിലും ആഹാരമൊന്നും ലഭിച്ചിരുന്നില്ല. കയ്യിൽ പണമില്ലാത്തതിനാൽ വാങ്ങികഴിക്കുവാൻ നിവൃത്തിയുമില്ല. ചില സ്ഥലങ്ങളിൽ നിന്നും ചായ ലഭിച്ചു അത്രമാത്രം.

ഉന്നതകുലനും ഏക്കർകണക്കിനു കൃഷി സ്ഥലങ്ങൾക്ക് ഉടമയും ഗ്രാമത്തിലെ ജന്മിയും അതിസമ്പന്നനുമായ തന്റെ പിതാവും തന്റെ കുടുംബവും ഒന്നിനും മുട്ടില്ലാതെ സർഗോഥയിലെ വീട്ടിൽ കഴിഞ്ഞുകൂടുമ്പോൾ അവരുടെ പുത്രൻ ഇതാ ഒരു നേരത്തെ ആഹാരമില്ലാതായിരിക്കുന്നു. പക്ഷെ അവനു വിശപ്പ് ഉണ്ടായില്ല. "മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ദൈവത്തിന്റെ വായിൽ നിന്നുള്ള വചനംകൊണ്ടും ജീവിക്കുന്നു" എന്ന യേശുകർത്താവു പറഞ്ഞ ദൈവവചനംപോലെ ഭക്തസിംഗ് ജീവിച്ചു. ഒരുതളർച്ചയുമില്ലാതെ ഓരോ ദിവസവും താൻ മുന്നേറി. ദൈവത്തിന്റെ വചനം അന്തരാത്മാക്കളുടെ വിശപ്പകറ്റിക്കളഞ്ഞപ്പോൾ ഭൗമികശരീരത്തിന്റെ വിശപ്പ് താൻ അറിഞ്ഞതുപോലുമില്ല.

തന്നെ രക്ഷിച്ച ക്രിസ്തുവിനെ സവിസ്തരം താൻ ഘോഷിച്ചു. പാപിയായ മനുഷ്യനെതേടി കടന്നവന്ന ദൈവത്തിന്റെ പുത്രനെപ്പറ്റി വാതോരാതെ താൻ പ്രസംഗിച്ചു. എല്ലാവരും തന്നെ ആകാംക്ഷയോടെ ശ്രവിച്ചു. യേശുക്രിസ്തുവിനെ ഹൃദയത്തിലേക്ക് അനേകർ സ്വീകരിച്ചു. ദൈവവചനവുമായി ലജ്ജയില്ലാതെ മുന്നേറിയ ആ ദൈവഭക്തനുവേണ്ടി സർവ്വശക്തൻ എല്ലാം കരുതി. ചില പ്രിയപ്പെട്ടവരെ കർത്താവ് തനിക്കായി ഒരുക്കി.

അടുത്ത ലക്കത്തിൽ

**ഭക്തസിംഗിന്റെ ശുശ്രൂഷകൾ**


# News വാർത്തകൾ



## യേശുക്രിസ്തു വേഗം വരുന്നു !

**“ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്ക”**

എബ്രായർ 12:28



# ഒരു ക്രൈസ്തവരക്തസാക്ഷികൂടി

## പഞ്ചാബിലെ ലുധിയാനയിൽപാസ്റ്ററെ വെടിവെച്ചുകൊന്നു

**മുപ്പതുവർഷമായി സുവിശേഷ പ്രവർത്തനം നടത്തിവരികയായിരുന്ന പാസ്റ്റർ സുൽത്താൻ മസിഹിനെയാണ് കൊലപ്പെടുത്തിയത്**




ലുധിയാന. ഭാരതമണ്ണിൽ ഒരു ക്രൈസ്തവ രക്തസാക്ഷികൂടി. വടക്കേന്ത്യയിലെ പഞ്ചാബിൽ ബൈക്കിലെത്തിയ അജ്ഞാത സംഘം ചർച്ചിന്റെ മുന്നിൽ ഫോണിൽ സംസാരിച്ചുകൊണ്ടുനിന്ന പാസ്റ്റർ സുൽത്താൻ മസിഹിനെ (50) വെടിവെച്ചു കൊലപ്പെടുത്തി. ലുധിയാനയിലെ താബ്രിയിലെ പീരുബാന്ദാ മൊഹല്ലയിൽ പാസ്റ്റർ ശുശ്രൂഷിക്കുന്ന ടെമ്പിൾ മൗണ്ട് ചർച്ചിനു മുമ്പിൽവെച്ച് ജൂലൈ 15-നു രാത്രി 8.45-നാണ് രാജ്യത്തെ നടുക്കിയ സംഭവം നടന്നത്. ചർച്ചിനു പുറത്തു ഫോണിൽ സംസാരിച്ചുകൊണ്ടു നിൽക്കുകയായിരുന്ന അദ്ദേഹത്തിന്റെനേർക്ക് മുഖംമൂടി ധരിച്ചെത്തിയ സംഘമാണ് നിറയൊഴിച്ചത്. നെഞ്ചിനും കഴുത്തിനും ചെവിയുടെ ഭാഗത്തും വെടിയേറ്റ പാസ്റ്ററെ ലുധിയാനയിലെ ദയാനന്ദ് മെഡിക്കൽ കോളജിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. മൂന്നു വെടിയുണ്ടകളാണ് അദ്ദേഹത്തിന്റെ ശരീരത്തിൽ തുളച്ചു കയറിയത്. മിഷനറിയുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ക്രൈസ്തവവിശ്വാസികൾ ലുധിയാന-ജലന്തർ ബൈപാസ് ഉപരോധിച്ചു. അന്വഷണത്തിനായി ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയാഗിച്ചിട്ടുണ്ടെന്ന് പോലീസ് കമ്മീഷണർ ആർ.എൻ.ദോക്ക് പറഞ്ഞു.

മുപ്പതുവർഷമായി പീരുബാന്ദാ മൊഹല്ലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പാസ്റ്റർ സുൽത്താൻ മസിഹിന്റെ പ്രവർത്തനത്തിനെതിരെ കഴിഞ്ഞ ചില മാസങ്ങളായി ക്രിസ്തുവിരോധികളുടെ എതിർപ്പ് ശക്തമായിരുന്നു. താൻ സ്ഥാപിച്ച ടെമ്പിൾ മൗണ്ട് ചർച്ചിന്റെ ഇരുപത്തഞ്ചാം വാർഷികദിനത്തോടനുബന്ധിച്ച് ഒരു സുവിശേഷ യോഗം രണ്ടുമാസംമുമ്പ് അദ്ദേഹം ചർച്ചിനു മുമ്പിൽ നടത്തിയിരുന്നു. ക്രിസ്തുവിരോധികൾ അവിടെത്തുകയും പാസ്റ്റർ ജനങ്ങൾക്ക് പണം നൽകി മതപരിവർത്തനം നടത്തുകയാണെന്നും ആരോപിച്ചിരുന്നു. സുവിശേഷ യോഗത്തിനുശേഷം വീണ്ടും രണ്ടുതവണ ഇവർ വന്നുഭീഷണിപ്പെടുത്തുകയുണ്ടായി. “ക്രിസ്തുവിനുവേണ്ടി നിലനിൽക്കുന്നതിനായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ. വളരെയധികം ശത്രുക്കൾ ഞങ്ങൾക്കെതിരെയുണ്ട്. പ്രത്യേകം പ്രാർത്ഥിക്കണം” സംഭവം നടക്കുന്നതിനു നാലു ദിവസംമുമ്പ് അദ്ദേഹം പറഞ്ഞിരുന്നു. ടെമ്പിൾ മൗണ്ട് ചർച്ചിനോടനുബന്ധിച്ച് നിർദ്ദനരായ കുട്ടികൾക്കുവേണ്ടിയുള്ള ഒരു സ്കൂളും പാസ്റ്റർ സുൽത്താൻ മസിഹ് നടത്തിയിരുന്നു. അദ്ദേഹത്തിന്റെ സഭയിൽ ഇരുന്നൂറോളം വിശ്വാസികളുണ്ട്. ഭാര്യ സരബ്ജിത് മക്കൾ ആലിഷ,ഹാനോക്ക് എന്നിവർക്കും സഭാവിശ്വാസികൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം.




സംഭവ ദിവസം രാത്രിയിലെ ദൃശ്യം. രക്തപ്പാടുകൾ കാണാം

## റേഷൻ വാങ്ങുന്നതിന് വിരലടയാളം

തൃശൂർ. ഇനി റേഷൻ വാങ്ങുന്നതിനും വിരലടയാളം ഉപയോഗിച്ചുള്ള ഡിജിറ്റൽ സംവിധാനം. ഉപഭോക്താക്കൾക്ക് അർഹമായ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഈ-പോസ്റ്റ് മെഷീനുകൾ സംസ്ഥാനത്തെ റേഷൻ കടകളിൽ സ്ഥാപിക്കുമെന്ന് മന്ത്രി പി.തിലോത്തമൻ പറഞ്ഞു. എല്ലാം ഡിജിറ്റലിലേക്ക് പോകുന്നതിന്റെ മുന്നോടിയാണിത്.

## ഇനി റെയിൽവേയുടെ സാർഥി

ന്യൂഡൽഹി.റെയിൽവേയുടെ മൊബൈൽ സേവനങ്ങളെല്ലാം ഏകോപിപ്പിച്ചുകൊണ്ടുള്ള പുതിയ ആപ്ലിക്കേഷനായ റെയിൽ സാർഥി (Rail Saarthi) പുറത്തിറങ്ങി. ടിക്കറ്റ് അന്വേഷണം തുടങ്ങി എല്ലാ സേവനങ്ങളും 138,182 നമ്പരുകളിലേക്കുള്ള ലിങ്കും സാർഥിയിലുണ്ട്.

## ആസ്സം,ഒറീസ്സ: വെള്ളപ്പൊക്കം രൂക്ഷമായി




ഗുവാഹത്തി.വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വെള്ളപ്പൊക്കം രൂക്ഷമാവുകയാണ്. ആസം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ വെള്ളപ്പൊക്കംമൂലം മരിച്ചവരുടെ എണ്ണം നൂറ് കവിഞ്ഞു. 18 ലക്ഷത്തിലധികമാളുകൾ കെടുതിയിലാണ്. ആസ്സമിൽ മിക്കസ്ഥലങ്ങളിലേയും പാലങ്ങൾ വെള്ളത്തിനടിയിലാണ്. ഒറീസ്സയിലും നാശനഷ്ടങ്ങൾ ഏറെയാണ്.

## ക്രൈസ്തവ ഗവർണർക്ക് ജയിൽ ശിക്ഷ




**മതനിന്ദയുടെ പേരിൽ നടപടി**

ജക്കാർത്ത. ഇന്തോനേഷ്യയിലെ ജക്കാർത്ത ഗവർണർ ക്രൈസ്തവനായ ബാസുകി താജാഹജ പുർണമായെ മതനിന്ദയുടെ പേർപറഞ്ഞ് കോടതി രണ്ടുവർഷം തടവുശിക്ഷയ്ക്ക് വിധിച്ചു. തെരഞ്ഞെടുപ്പുവേളയിൽ ഖുറാനെ നിന്ദിച്ചുവെന്ന് ആരോപിച്ചുകൊണ്ടാണ് അദ്ദേഹത്തെ പോലീസ് അറസ്റ്റ് ചെയ്തിരുന്നത്. ഇന്തോനേഷ്യയിലെ ന്യൂനപക്ഷ വംശജനായ ബാസുകി ക്രിസ്തുവിശ്വാസത്തിനുവേണ്ടി ധൈര്യത്തോടെ നിൽക്കുന്ന ഒരു ഭരണാധിപനാണ്. അരനൂറ്റാണ്ടിനിടെ ഇന്തോനേഷ്യയിൽ ഗവർണർ പദവിയിലെത്തുന്ന മുസ്ലിമല്ലാത്തയാളാണ് ബാസുകി. ക്രൈസ്തവനായ അദ്ദേഹം ഗവർണറായതുമുതൽ മുസ്ലിങ്ങൾ ജക്കാർത്തയിൽ അദ്ദേഹത്തിനെതിരെ പ്രതിഷേധം നടത്തിവരികയായിരുന്നു.

## ഹെബ്രോന് പൈതൃക പദവി: യിസ്രായേൽ പ്രതികരിച്ചു

വെസ്റ്റ് ബാങ്കിലെ ഹെബ്രോൻ,അതിനോടു ചേർന്ന ജൂത ശവകുടീരം,മുസ്ലിം പള്ളി എന്നിവ ഉൾപ്പെടുന്ന മേഖലയ്ക്ക് യുനെസ്ക്കോ പൈതൃക പദവി പ്രഖ്യാപിച്ചു. ഹെബ്രോന്റെ ഒരു ഭാഗം യിസ്രായേലിന്റെ മേൽനോട്ടത്തിലുള്ള പ്രദേശമാണ്. പലസ്തീന്റെ പ്രദേശമായി ഹെബ്രോനെ വിശേഷിപ്പിച്ച യുനെസ്ക്കോയുടെത് വഞ്ചനാപരമായ തീരുമാനമെന്നാണ് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹൂ പ്രതികരിച്ചത്. ഐക്യരാഷ്ട്ര സംഘടനയ്ക്കുള്ള യിസ്രായേലിന്റെ വിഹിതത്തിൽനിന്നും പത്തുലക്ഷം ഡോളർ ഹെബ്രോനിൽ മ്യൂസിയത്തിനും മറ്റും മാറ്റുമെന്നും നെതന്യാഹൂ പറഞ്ഞു. ജൂത-മുസ്ലിം ആരാധനാ തർക്കങ്ങൾ നിലനിൽക്കുന്ന പ്രദേശമാണ് ഹെബ്രോൻ. യിസ്രായേൽ കുടിയേറ്റക്കാരും പലസ്തീനികളും ഹെബ്രോനിൽ അധിവസിക്കുന്നുണ്ട്. യെഹൂദന്മാർക്ക് യെരൂശലേം കഴിഞ്ഞാൽ രണ്ടാമത്തെ വിശുദ്ധനഗരമാണിത്.




**“സൈന്യത്താലല്ല; ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു”.സെഖര്യാവ് 4:6**